ഡിസംബർ 2023

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ




SINCE 1980
CHERUPUSHPAM
GOLD LOAN
AN ISO 9001-2008 CERTIFIED COMPANY
Cherupushpam Kuries Olarikkara Pvt. Ltd,
Olarikkara, Pullazhy P.O., Thrissur -680 012
Mob: 8547667788,8547778899
E-mail:cherupushpamkuries@bsnl.in
www.cherupushpamkuries.com
Dr. Joy Anto, Managing Director
Jolly Stephan, Chairman

# മരിയനാദം


സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com





**പുസ്തകം 29**
**2023 ഡിസംബർ**
**ലക്കം 12**



ചീഫ് എഡിറ്റർ
**ഫാ. ജെയ്സൻ പുന്നശ്ശേരി** 9526131319

മാനേജിംഗ് എഡിറ്റർ
**ശ്രീ. ജേക്കബ് തോലത്ത്** 9495565910

അസോസിയേറ്റ്ഡ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. കാതറിൻ CHF 9497301738
ശ്രീ. ജെയ്സൺ കൂള 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊളങ്ങര 8943554456
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
ഏക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർളിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)
നടത്തുകൈക്കാരൻ
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560


## താളുകളിലൂടെ...


| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഓർമ്മിക്കുക ആചരിക്കുക | 03 |
| ഇടയശബ്ദം | 04 |
| വിശ്വാസ പരിശീലന വാർത്തകൾ | 5 |
| ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ വാർഷികം | 6 |
| ബേത്ലെഹേമിലെ കൂട്ടുകാരൻ | 7 |
| വിശ്വാസ വഴിയിലെ സംശയങ്ങൾ | 9 |
| അമർണ ലിഖിതങ്ങൾ | 10 |
| അവനെ നമുക്കാരാധിക്കാം... അവനാണ് ദൈവം | 11 |
| കേന്ദ്ര കുടുംബകൂട്ടായ്മ വാർത്തകൾ | 12 |
| മന്നാ ഡി എസ്. നിക്കോള | 13 |
| താരം | 14 |
| ഹെൽത്ത് കോർണർ | 15 |
| നിയമാവബോധം | 17 |
| പ്രയർഗ്രൂപ്പ് വാർത്തകൾ | 18 |
| കണ്ണുനീർ മുത്തുകൾ | 19 |
| വിശുദ്ധനാട്ടിലേക്കൊരു തീർത്ഥയാത്ര | 20 |
| ഒരു ചെറു ചിന്ത | 23 |
| പാചകവേദി | 27 |
| കള്ളനും കാവൽനായയും | 28 |
| ബൈബിൾ ക്വിസ് | 29 |
| നന്ദി നന്ദി നന്ദി... | 30 |
| ഒങ്ങൾ വരവായി | 31 |
| ഞങ്ങൾ യാത്രയായി | 31 |
| ഇടവകയിൽനിന്നും മാറിയവർ | 31 |
| ചായക്കൂട്ട് മത്സരം | 32 |


**നടത്തുകൈക്കാരൻ**
**ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560**

## പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m. |
| | 6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

## ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

**സാധാരണ ദിവസം – 6.30 a.m**
**ഞായർ – 6.30 a.m 9.45 a.m**


കപ്പാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ



## കാലങ്ങൾക്കൊക്കെയും നാഥൻ

ഇത്തവണത്തെ ക്രിസ്തുമസ്സിന് നമുക്കൊന്നു മാറി ചിന്തിച്ചാലോ? നമ്മുടെ സമൂഹത്തിലാണ് യേശു, ഈ നാളിൽ വന്നു പിറക്കുന്നത് എന്നിരിക്കട്ടെ; ഏതു മനോഭാവത്തോടെയായിരിക്കും നാം അവിടുത്തെ സ്വീകരിക്കുക. യഹൂദർ ചെയ്തതുപോലെ അവനെ നാം ക്രൂശിലേറ്റുമോ? സത്യം കേൾക്കാൻ പലരും ഇഷ്ടപ്പെടുന്നില്ല. കാര്യങ്ങൾ തുറന്നുപറയുന്നവരെ സമൂഹം ഒറ്റപ്പെടുത്തും. സത്യമേ പറയൂ എന്നതിനാൽതന്നെ ക്രിസ്തു വീണ്ടും വന്നാൽ നാമെല്ലാവരും അവനെ ക്രൂശിക്കാൻ ഒരുമിച്ചുകൂടും; ഉറപ്പ്.

"വിശുദ്ധരുടെ പാദങ്ങളിലൂടെ" എന്ന പുസ്തകത്തിൽ ഇങ്ങനെ ഒരു സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു സാഹിത്യസമ്മേളനമാണ് രംഗം. സമ്മേളനത്തിൽ പങ്കെടുത്തിരുന്ന ഒരു സ്ത്രീ ക്രിസ്തുവിനോട് യഹൂദർ ചെയ്ത ക്രൂരതയെപ്പറ്റി വിമർശിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു. നമ്മുടെ കാലത്താണ് ക്രിസ്തു അവതരിച്ചിരുന്നതെങ്കിൽ എത്ര ആഹ്ലാദത്തോടെ നമ്മൾ അവിടുത്തേക്കായി വാതിൽ തുറന്നിടുകയും അവിടുത്തെ ദിവ്യവചസ്സുകൾ കേൾക്കുകയും ചെയ്യുമായിരുന്നു. സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ടിരുന്ന തോമസ് കാർലൈനിനോടാണ് അവർ ഇതു ചോദിച്ചത്. "ഞാനങ്ങനെ വിചാരിക്കുന്നില്ല" കാർലൈൻ തുടർന്നു. "അവിടുന്ന് മാന്യമായി വസ്ത്രം ധരിച്ച് സമ്പന്നനായി സമൂഹത്തിലെ ഉന്നതന്മാർക്ക് രുചിക്കുന്ന തരത്തിലുള്ള തത്ത്വങ്ങൾ പ്രസംഗിച്ചു നടക്കുമെങ്കിൽ "നമ്മുടെ രക്ഷകനെ സ്വീകരിക്കാൻ" എന്നെഴുതിയ ഒരു ക്ഷണക്കത്ത് നിങ്ങളിൽനിന്ന് എനിക്ക് ലഭിക്കുമായിരുന്നു. എന്നാൽ അവിടുന്ന് വന്നിട്ട് മുമ്പ് ചെയ്തതുപോലെ തന്റെ വിശിഷ്ടമായ തത്വങ്ങൾ പ്രസംഗിക്കുകയും, കപടനാട്യക്കാരെ കുറ്റപ്പെടുത്തുകയും, പാപികളോടും സമൂഹത്തിലെ സാധാരണക്കാരോടും ഇടപഴകുകയും ചെയ്യുന്നുവെങ്കിൽ യഹൂദർ ചെയ്തതുപോലെതന്നെ നിങ്ങളും അവിടുത്തോട് ചെയ്യുമായിരുന്നു. "അവനെ ന്യൂഗേറ്റിൽ കൊണ്ടുപോയി തൂക്കിക്കൊല്ലൂ" എന്ന് നിങ്ങൾ മുറവിളി കൂട്ടുമായിരുന്നു. ന്യൂഗേറ്റ് എന്ന സ്ഥലത്തുവച്ചായിരുന്നു വധശിക്ഷയ്ക്കു വിധിക്കപ്പെടുന്നവരെ തൂക്കികൊന്നിരുന്നത്. അതങ്ങനെ നിൽക്കട്ടെ.

നമ്മുടെയിടയിലെ മറ്റൊരു കൂട്ടർ ക്രിസ്തുവിനോട് ഒരു ബന്ധവും ഇല്ലാതെ ഗുണത്തിനും ദോഷത്തിനും ഞങ്ങളില്ല, എന്ന മട്ടിൽ മാറിനിൽക്കുന്നു. പിതാവിന്റെ സ്നേഹത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ വേണ്ടിയാണ് മുഖംനോക്കാതെ എല്ലാം ക്രിസ്തു തുറന്നുപറയുന്നത്. നമ്മിലെ കുറവുകളും പാപങ്ങളും തിരിച്ച

റിഞ്ഞ് പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് ലയിപ്പിക്കാനാണ് അവസാനതുള്ളി രക്തംപോലും ചിന്തി അവിടുന്ന് കുരിശുമരണം വരിച്ചത്. കാലിത്തൊഴുത്തിൽ നാം ദർശിച്ച നിസ്സാരവൽക്കരണം നമ്മെ പരിവർത്തനവിധേയരാക്കുന്നെങ്കിൽ നാം യഹൂദരേക്കാൾ മെച്ചപ്പെട്ടവർ തന്നെ.

ഒരു ഇമ്മാനുവേൽ അനുഭവത്തിനായി നമുക്കിപ്രകാരം സ്തുതിക്കാം.

കാലമേ നയിച്ചാലും
കാലങ്ങൾക്കൊക്കെയും
നാഥനായവനേ
അമ്മതൻ മടിത്തട്ടിൽ
ശയിക്കും പൈതലേ
ആട്ടിടയർക്കും
ജ്ഞാനികളാം രാജശാസ്ത്രികൾക്കും
സ്വർഗദൂതർക്കുമൊപ്പം
ഞാനുമിന്നങ്ങയെ സ്തുതിക്കുന്നു.

ഏവർക്കും തിരുപ്പിറവിയുടെ ആശംസകൾ നേർന്നുകൊണ്ട്,

**പത്രാധിപസമിതി**




## ഓർമ്മിക്കുക
## ആചരിക്കുക

**2023 ഡിസംബർ**

| | | |
|---|---|---|
| 3-12-23 | ഞായർ | വി. ഫ്രാൻസിസ് സേവ്യർ |
| 7-12-23 | വ്യാഴം | വി. അബ്രോസ് |
| 8-12-23 | വെള്ളി | മാതാവിന്റെ അമലോത്ഭവതിരുനാൾ |
| 14-12-23 | വ്യാഴം | കുരിശിന്റെ വി. യോഹന്നാൻ |
| 25-12-23 | തിങ്കൾ | ക്രിസ്തുമസ് |
| 27-12-23 | ബുധൻ | വി. യോഹന്നാൻശ്ലീഹാ |
| 28-12-23 | വ്യാഴം | കുഞ്ഞിപൈതങ്ങൾ |
| 29-12-23 | വെള്ളി | ദൈവമാതൃത്വത്തിരുന്നാൾ |

# ഇടയശബ്ദം





"എവിടെയാണ് യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ?" (മത്തായി 2:2)

യേശുവിൽ പ്രിയമുള്ളവരേ,

"സ്നേഹമായിരിക്കട്ടെ നിങ്ങളുടെ ലക്ഷ്യം. അതേസമയം ആത്മീയ ദാനങ്ങൾക്കായി തീക്ഷണതയോടെ ആഗ്രഹിക്കുവിൻ" 1 കോറി. 14:1. പൗലോസ് അപ്പസ്തോലന്റെ ഈ വാക്കുകൾ നമ്മെ ആത്മീയ നവീകരണത്തിനായ് ക്ഷണിക്കുന്നു.

ഡിസംബർ മാസം സ്നേഹത്തിന്റെ മൂർത്തീഭാവമായ ഈശോയുടെ മനുഷ്യാവതാരത്തിന്റെ ഓർമ്മ നമ്മിൽ ജനിപ്പിക്കുന്നു. ദിവ്യശിശുവിന്റെ സവിധത്തിലേക്ക് വഴി കാട്ടാൻ നാം തിരഞ്ഞെടുത്ത മാസം. അൻപതോളം ശെമ്മാശന്മാരും പത്തോളം വൈദികരും അഭിവന്ദ്യപിതാക്കന്മാരും നമ്മുടെ ഇടവകയിലേക്ക് കടന്നുവരുന്നു. ആട്ടിടയന്മാർക്കും, പൂജ്യരാജാക്കന്മാർക്കും പുൽക്കൂട്ടിലെ ഉണ്ണിയുടെ സന്നിധിയിലേക്ക് വഴികാട്ടിയതുപോലെ ഈ പൊൻതാരകങ്ങൾ നമ്മുടെ ആത്മീയ ജീവിതത്തിലേക്ക് ആത്മീയ വെളിച്ചമായി, വഴികാട്ടികളായി കടന്നുവരുന്നു. നമുക്കൊന്നിച്ച യാത്ര തുടരാം. യാത്രാമദ്ധ്യേ വഴിയിൽ പ്രലോഭനങ്ങളും തടസ്സങ്ങളുമായി ഹേറോദോസുമാരെ നിങ്ങൾ കണ്ടുമുട്ടിയെന്നുവരാം. ഈ കൊച്ചുനക്ഷത്രങ്ങൾക്ക് എന്ത് പ്രത്യേകത എന്നൊക്കെ നമ്മോട് ചോദിച്ചെന്ന് വരാം. ഇതിലും പ്രത്യേകതയുള്ള നക്ഷത്രങ്ങൾ എത്ര നാം കണ്ടിട്ടുള്ളതാ; ഇതിലൊക്കെ എന്തിരിക്കുന്നു? ഒരു നിമിഷം പ്രാർത്ഥിച്ചാൽ മനസ്സിലാകും, നാം ദിശമാറിയില്ലെ എന്ന്.

ആഗതമാകുന്ന ക്രിസ്തുമസിന് നന്നായി പ്രാർത്ഥിച്ച് ഒരുങ്ങി "സ്നോഹത്സവ" ധ്യാനത്തിലൂടെ നമുക്ക് ഉണ്ണീശോ സന്നിധിയിൽ അണയാം. എല്ലാവർക്കും തിരുപിറവിയുടെ മംഗളാശംസകൾ!

ഒത്തിരി സ്നേഹത്തോടെ,

**ജെയ്സനച്ചൻ**



# വിശ്വാസ പരിശീലന വാർത്തകൾ

സ്നേഹമുള്ള അദ്ധ്യാപകരേ, മാതാപിതാക്കളേ, വിദ്യാർത്ഥികളേ,

സമാഗതമായിക്കൊണ്ടിരിക്കുന്ന ക്രിസ്തുമസ്സിന്റേയും പുതുവത്സരം 2024-ന്റേയും ആശംസകൾ സ്നേഹപൂർവ്വം നേരുന്നു. ക്രിസ്തുമസ് ക്രിസ്തുവിനെ നമ്മുടെ ജീവിതത്തിലേക്ക് ഏറ്റുവാങ്ങുവാനുള്ള വലിയൊരു ക്ഷണമാണെങ്കിൽ പുതുവത്സരം ഏറ്റുവാങ്ങിയ ക്രിസ്തുവിനെ മുറുകെ പിടിച്ചുകൊണ്ട് ജീവിക്കുവാനുള്ള ക്ഷണ മാണ്.

ഇടവക വിശ്വാസപരിശീലനദിനം നവംബർ 12-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് മീഡിയ കത്തോലിക്ക അസി. ഡയറക്ടർ റവ. ഫാ. ഫിജോ ആലപ്പാടൻ ഉദ്ഘാടനം ചെയ്യുകയുണ്ടായി. 2022-2023 വിശ്വാസപരിശീലന വർഷത്തിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളേയും മുടങ്ങാതെ വന്ന അദ്ധ്യാപകരേയും വിദ്യാർത്ഥിക ളേയും ആദരിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു. കുട്ടികളുടേതായ വിവിധ കലാപരിപാടികൾ ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി. പരിപാടി വിജയിപ്പിച്ച എല്ലാ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പി.ടി.എ. ഭാരവാഹികൾക്കും മാതാപിതാക്കൾക്കും പ്രത്യേകം നന്ദിയുടെ പൂമലരുകൾ ഏറെ സ്നേഹപൂർവ്വം നേരുന്നു. നവംബർ 5-ാം തിയ്യതി ഞായറാഴ്ച വിശ്വാസ പരിശീലകരുടെ ദിനവും നവംബർ 26-ാം തിയ്യതി ക്രിസ്തുരാജത്വതിരുന്നാളും വളരെ മനോഹരമായി നടത്തുവാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

ഡിസംബർ 10-ാം തിയ്യതി ഞായറാഴ്ച 1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് കാലത്ത് 8.15 മുതൽ 8.45 വരെ വിശ്വാസപരിശീലന ക്ലാസുകളു ടെ സമയത്ത് 2nd Mid Term Exam നടത്തുന്നു. പഠിക്കേണ്ട ഭാഗങ്ങൾ, നമസ്കാര ങ്ങൾ, ടെക്സ്റ്റ് ബുക്ക് അദ്ധ്യായങ്ങൾ 8, 9, 10, ബൈബിൾ പഠനസഹായി 2nd Term എന്നിവയാണ്. കുട്ടികൾ എല്ലാവരും നന്നായി പഠിക്കുന്നുണ്ടെന്നും മുടങ്ങാതെ പരീക്ഷ എഴുതുന്നുണ്ടെന്നും മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഡിസംബർ 10, 17 എന്നീ ഞായറാഴ്ചകളിൽ കാലത്ത് ക്ലാസ് പിടിഎ യോഗങ്ങൾ

സംഘടിപ്പിക്കുന്നു. ക്ലാസ് ടീച്ചേഴ്സ് അറിയിക്കുന്നതിനനുസരിച്ചുള്ള ഞായറാഴ്ച കളിൽ ക്ലാസ് പിടിഎകളിൽ പങ്കെടുക്കുവാൻ എല്ലാ മാതാപിതാക്കളേയും ഏറെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ക്രിസ്തുമസ്സിനോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായുള്ള മത്സരങ്ങൾ ഡിസംബർ 23-ാം തീയതി ശനിയാഴ്ച 3.30ന് ഇടവകദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. എല്ലാവരുടേയും സാന്നിധ്യവും സഹായസഹകരണങ്ങളും പ്രതീക്ഷിക്കുന്നു. ഒരിക്കൽക്കൂടി പുൽക്കൂട്ടിലെ ഉണ്ണിയേശുവിന്റെ സ്നേഹവും സമാധാനവും എല്ലാവർക്കും ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ഡോ. ജോയ് കരേരക്കാട്ടിൽ**

(പ്രിൻസിപ്പാൾ)

---

# ലിറ്റിൽഫ്ളവർ കുടുംബകൂട്ടായ്മ വാർഷികം

ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ 32-ാം വാർഷിക പൊതുയോഗം 01.10.2023 സെന്റ് മേരീസ് ഹാളിൽ **12.00 pm** ന് പ്രാർത്ഥനയോടെ ആരംഭിച്ചു. വാർഷികത്തോടനുബന്ധിച്ച് രാവിലെ ആദ്യകുർബ്ബാനയിൽ കൂട്ടായ്മ അംഗങ്ങൾ കാഴ്ചസമർപ്പണം നടത്തുകയും, കുട്ടികൾ അടക്കം എല്ലാ കുടുംബങ്ങളും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുകയും ചെയ്തു. പഴയ നിയമം, ലേഖന വായന യൂണിറ്റ് അംഗങ്ങൾ വായിച്ചു. വാർഷിക പൊതുയോഗം സി. കാതറിൻ **CHF** നിർമ്മല കോൺവെന്റ് മദർ സുപ്പീരിയർ ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിച്ചു. പ്രസിഡന്റ് ഡെൽസൺ ഡേവിസ് അദ്ധ്യക്ഷപ്രസംഗം നടത്തി. കേന്ദ്രസമിതി കൺ വീനർ മേജോ കുന്നൻ, കൈക്കാരൻ സുരേഷ് ജെയ്ക്കബ്, സി. ഹിത ഫ്രാൻസിസ് ആശംസ പ്രസംഗം നടത്തി. റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു. സന്യാസവ്രത ജൂബിലി ആഘോഷിക്കുന്ന സി. ഹിത ഫ്രാൻസിസിന് സ്നേഹോപ ഹാരം ഭാരവാഹികൾ സമ്മാനിച്ചു. ജോയിന്റ് സെക്രട്ടറി സെജിൻ സെബി യോഗത്തിൽ എത്തിയ വിശിഷ്ടാതിഥികൾക്കും യൂണിറ്റ് ഭാരവാഹികൾക്കും അംഗങ്ങൾക്കും നന്ദി അറിയിച്ചു. പൊതുയോഗത്തിന് ശേഷം സ്നേഹവിരുന്ന്, വിവിധ കലാപരി പാടികൾ നടന്നു. യോഗം 3.30 യോടെ അവസാനിച്ചു.

# ബേത്‌ലെഹേമിലെ കൂട്ടുകാരൻ

വിൻസെന്റ് കെ. ജെ.,
സെന്റ് മേരീസ് യൂണിറ്റ്

ബേത്‌ലെഹേമിലേക്കുള്ള വഴിയിൽ അന്നു പതിവിലേറെ തിരക്കുണ്ടായിരുന്നു. പഴകിയ തുണിസഞ്ചിയും ചേർത്തുപിടിച്ച് വഴിയുടെ ഓരംപറ്റി ജോയേൽ വേഗം നടന്നു. മുന്നിൽ കുറച്ചുപേർ ഭാണ്ഡക്കെട്ടുകളും പേറി പോകുന്നു. നാടോടികളാണെന്നു തോന്നുന്നു. യാത്രാക്ഷീണമോ വിശന്നിട്ടോ ആകാം അതിലൊരു കുഞ്ഞ് നിറുത്താതെ കരയുന്നു. പ്രായമായ ഒരു സ്ത്രീ ഉറക്കെ എന്തൊക്കെയോ ശാപവാക്കുകൾ വിളിച്ചുപറയുന്നു.

രോമക്കുപ്പായത്തിനുള്ളിലൂടെ തുളച്ചുകയറുന്ന തണുപ്പ്. ശീതക്കാറ്റിൽ പാറിപ്പറക്കുന്ന പൊടിമണൽ അവന്റെ മുടിയിഴകളെ ചെമ്പൻ നിറമാക്കി. അമ്മ എണ്ണതേച്ച് ചീകിത്തന്നതാണ്. പാവം അമ്മ. വല്ലാതെ കഷ്ടപ്പെടുന്നു. അപ്പന്റെ കിടക്കയ്ക്കരികിൽനിന്നു മാറാൻ സമയമില്ല. രണ്ടുകാലും തളർന്ന അപ്പന് എല്ലാത്തിനും അമ്മയുടെ സഹായം വേണം. മാഗിയാന്റിയുടെ കടയിലെ പണി മുഴുവൻ അമ്മതന്നെ എടുക്കണം. അതിനും പുറമെയാണ് അനിയത്തിയുടെ ശാഠ്യം പിടിച്ചുള്ള കരച്ചിൽ. പുറപ്പെടുമ്പോൾ അമ്മ പറഞ്ഞതോർത്തു. മോനേ സൂക്ഷിച്ചുപോണം. തിക്കിലും തിരക്കിലും പെടരുത്. ഉണ്ണീശോയ്ക്ക് നേർച്ചയിട്ട് നന്നായി പ്രാർത്ഥിക്കണം. നമ്മുടെ കഷ്ടപ്പാടുകൾ എല്ലാം മാറ്റിത്തരാൻ... അപ്പന്റെ അസുഖം മാറാൻ... അടുത്ത വർഷമെങ്കിലും ദീനമോൾക്ക് സ്കൂളിൽ പോകാൻ സാധിക്കാൻ... അമ്മ നേർച്ചയിടാൻ തന്ന കാശ് സഞ്ചിയിൽത്തന്നെയുണ്ടോ എന്ന് ഒന്നുകൂടി അവൻ തപ്പിനോക്കി. അമ്മ പലപ്പോഴായി മിച്ചംവച്ച് ഒരു ടവ്വലിൽ പൊതിഞ്ഞ് സൂക്ഷിച്ചുവച്ച ചില്ലറത്തുട്ടുകൾ... സഞ്ചി ഭദ്രമായി ചേർത്തുപിടിച്ചു.

വഴിയിൽ തിരക്ക് കൂടിക്കൂടി വന്നു. നഗരത്തോടടുക്കുന്നു. എങ്ങും ക്രിസ്തുമസ്സ് ആഘോഷങ്ങളുടെ ലഹരിയിലാണ്. വഴിനീളെ പല വർണ്ണങ്ങളിലുള്ള തോരണങ്ങൾ ദീപാലങ്കാരങ്ങൾ... ചീറിപ്പാഞ്ഞുപോകുന്ന കാറുകൾ, കാരവാനുകൾ, കാൽനടയായും ബൈക്കുകളിലും സൈക്കിളുകളിലും ആളുകൾ ഒഴുകുന്നു. എല്ലാവരും ബേത്‌ലെഹേമിലേക്കാണ്. ക്രിസ്തുമസ്സ് ആഘോഷിക്കാൻ. കാതടപ്പിക്കുന്ന വാദ്യഘോഷങ്ങൾ, ആർപ്പുവിളികൾ, കൂക്കുവിളികൾ... നിലത്തുറയ്ക്കാത്ത കാൽച്ചുവടുകളോടെ ഒരു കരോൾസംഘം അവനെ കടന്നുപോയി. അവർ വലിച്ചെറിഞ്ഞ മദ്യക്കുപ്പികൾ വഴിവക്കിലെ അഴുക്കുചാലിലേക്ക് ഉരുണ്ടുപോകുന്നു. പാതയോരത്തെ കടകളിലെ കണ്ണഞ്ചിക്കുന്ന ലൈറ്റുകൾ. അലമാരികളിൽ നിരത്തിവച്ചിരിക്കുന്ന കൊതിയൂറുന്ന മധുരപലഹാരങ്ങൾ. മാടിവിളിക്കുന്ന കൈകൾ. ഒരു

നിമിഷം അവന്റെ വിരലുകൾ സഞ്ചിയിലെ ചില്ലറത്തുട്ടുകളിൽ പരതി. വേണ്ട... മനസ്സിൽ തെളിഞ്ഞത് അമ്മയുടെ മുഖമാണ്.

നഗരത്തിന്റെ മായക്കാഴ്ചകളിൽ അവൻ പകച്ചുനിന്നു. എവിടെയാണ് ഉണ്ണീശോ? ആരോടെങ്കിലും ചോദിച്ചാലോ. കറുത്ത കണ്ണടയും ധരിച്ച്, സിഗരറ്റും പുകച്ച് ഉറക്കെ സംസാരിച്ചുകൊണ്ട് രണ്ടുമൂന്ന് ചേച്ചിമാർ വരുന്നു. അവരോടു ചോദിച്ചാലോ... ഏതോ ഒരു അപൂർവ്വ ജീവിയെ കണ്ടമാതിരി അവർ ഒരു നിമിഷം അവനെ തുറിച്ചുനോക്കി. പിന്നെ കൈവിരലുകൾ ചെവിക്കുമീതെ ഉയർത്തിപ്പിടിച്ച് അംഗവിക്ഷേപങ്ങളോടെ കളിയാക്കി പൊട്ടിച്ചിരിച്ചുകൊണ്ട് അവനെ കടന്നുപോയി. വിങ്ങുന്ന മനസ്സും തളർന്ന ശരീരവുമായി ജോയേൽ ആ കടത്തിണ്ണയിൽ ഇരുന്നു. ആരാലും ശ്രദ്ധിക്കപ്പെടാതെ.

തെരുവിൽ ആഘോഷങ്ങൽ തുടർന്നുകൊണ്ടേയിരുന്നു. ശീതക്കാറ്റിന്റെ കാഠിന്യം കൂടിവരുന്നു. ഒപ്പം വിശപ്പും. അമ്മ അതിരാവിലെ എഴുന്നേറ്റു നെരിപ്പോടിൽ ചുട്ടെടുത്ത ഗോതമ്പ് റൊട്ടി സഞ്ചിയിൽ ഉണ്ട്. കഴിക്കാൻ തുടങ്ങുമ്പോൾ എതിർവശത്തെ വിളക്കുകാലിന്റെ ചുവട്ടിൽ ഇരുന്ന് തന്നെ ഉറ്റുനോക്കുന്ന ഒരു ബാലനെ അവൻ ശ്രദ്ധിച്ചു. ഏകദേശം തന്റെ തന്നെ പ്രായം ഉണ്ട്. പാവം! വിശന്നിട്ടായിരിക്കോ. ഒന്നു ചിരിക്കാൻ ശ്രമിച്ചു. തന്റെ നേരെ നടന്നടുക്കുന്ന ബാലന്റെ കണ്ണുകൾ ജോയേൽ ശ്രദ്ധിച്ചു. നല്ല ഭംഗിയുള്ള നീലക്കണ്ണുകൾ.

വിശക്കുന്നുണ്ടോ... ഞാൻ റൊട്ടി തരട്ടെ. ജോയേൽ ചോദിച്ചു.

ബാലൻ വേണ്ട എന്ന അർത്ഥത്തിൽ തലയാട്ടി. ഞാൻ ഉണ്ണീശോയെ കാണാൻ പോകുകയാണ്. നീ പോരുന്നോ? ജോയേൽ തുടർന്നു ചോദിച്ചു.

"ഇല്ല ഞാൻ നിന്നെ കാണാൻ വന്നതാണ്."

"എന്നെയോ!"

"അതെ അമ്മ പറഞ്ഞു നിന്നെ വന്നു കാണണം എന്നും നിനക്കു പറയാനുള്ളതു കേൾക്കണം എന്നും"

ജോയേൽ ആശ്ചര്യത്തോടെ പറഞ്ഞു, " അതിന് എന്റെ അമ്മ ദൂരെ ഗ്രാമത്തിലാണല്ലോ. മാത്രമല്ല ഈ നഗരം അമ്മ കണ്ടിട്ടുപോലുമില്ല."

ബാലൻ തിളങ്ങുന്ന കണ്ണുകളോടെ പറഞ്ഞു, "എന്നോട് പറഞ്ഞത് നിന്റെ അമ്മയല്ല, എന്റെ അമ്മയാണ്."

ജോയേൽ ആ ബാലന്റെ നീലക്കണ്ണുകളിലേക്ക് ഉറ്റുനോക്കി. അവിടെ കരുണയുടെ, സ്നേഹത്തിന്റെ ഒരു മഹാസാഗരം അവൻ കണ്ടു...

അവന്റെ ചെവികളിൽ സ്വർഗ്ഗീയ സംഗീതം അലയടിച്ചു...

ഗ്ലോറിയ... ഗ്ലോറിയ...

# 24-ാം ചരമവാർഷികം
## 21.12.2023



# കെ.വി. ഔസേഫ് (താര)

കൈപറമ്പിൽ ഹൗസ്, അയ്യന്തോൾ

പ്രാർത്ഥനാപൂർവ്വം

കുടുംബാംഗങ്ങൾ

സെന്റ് ആന്റണീസ് കുടുംബക്കൂട്ടായ്മ



## 7 -ാം ചരമവാർഷികം

17.12.2023



ഒലക്കേങ്കിൽ

ഫ്രാൻസീസ്സ് ഭാര്യ

# റോസിലി

ജനനം : 08.06.1931

മരണം : 17.12.2016

## 22 -ാം ചരമവാർഷികം





ഒലക്കേങ്കിൽ

ചാക്കോ

# ഫ്രാൻസീസ്സ്

ജനനം : 16.04.1927

മരണം : 31.01.2001

സെന്റ് ജോസഫ് കുടുംബകൂട്ടായ്മ



# വിശ്വാസവഴിയിലെ സംശയങ്ങൾ

**സീറോ മലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരണം**

**കുർബ്ബാനമദ്ധ്യേ (സ്തോത്രകാഴ്ച) പണപ്പിരിവിന്റെ പ്രാധാന്യം എന്ത്?**

ഞായറാഴ്ച കുർബ്ബാനയെ വലിയ പ്രാധാന്യത്തോടെയാണ് ആദിമസഭ വീക്ഷിച്ചിരുന്നത്. "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേർന്നു" (അപ്പ. 2:42). വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത് ഏകോദരസഹോദരരെപ്പോലെ ജീവിച്ചിരുന്നതുകൊണ്ട് അവരുടെയിടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല (അപ്പ 4:34). വിശുദ്ധ കുർബ്ബാന സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പങ്കുവയ്ക്കലിന്റെയും കൂദാശയാണ്. ഇപ്രകാരം ചിന്തിക്കുമ്പോൾ, കുർബ്ബാനയിൽ പങ്കെടുക്കുന്നത് ഈശോയുടെ ശരീരം സ്വീകരിച്ച് 'കടം തീർത്ത് ' മടങ്ങാനല്ല. അത് വിശ്വാസിയുടെ പങ്കുവയ്ക്കലിന്റെ അവസരം കൂടിയാണ്. അതിന്റെ അടയാളമായാണ് ഞായറാഴ്ച സ്തോത്രക്കാഴ്ച നല്കുന്നത്. വിശുദ്ധ കുർബാനയിൽ കാഴ്ചവസ്തുക്കൾ ഒരുക്കുന്ന സമയത്താണ് അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും വിലയായ പണം കൂടി അവിടെ കാഴ്ചയായി സമർപ്പിക്കുന്നത്. ഇത് പള്ളിയുടെ വരുമാനത്തിനുള്ള വഴി എന്നതിനേക്കാൾ ഇടവകയിലെ (സമൂഹത്തിലെ) പാവപ്പെട്ടവർക്ക് പങ്കുവച്ചുകൊടുക്കാനുള്ള സ്തോത്രകാഴ്ചയാണ്; ഇടവകയിലെ ആവശ്യങ്ങൾക്ക് പങ്കുവയ്ക്കലിന്റെ ഭാഗമായി നൽകുന്ന സമർപ്പണമാണ്.

കത്തോലിക്കാതിരുസഭയുടെ മതബോധനഗ്രന്ഥത്തിൽ ഇക്കാര്യത്തെക്കുറിച്ചു നല്കുന്ന സൂചനകൾ ഇപ്രകാരമാണ്: "ദിവ്യകാരുണ്യം നമ്മെ ദരിദ്രരോടു കടപ്പാടുള്ളവരാക്കുന്നു. നമുക്കു നല്കപ്പെടുന്ന ക്രിസ്തുവിന്റെ ശരീരവും രക്തവും സത്യത്തിൽ സ്വീകരിക്കുന്നതിനു ക്രിസ്തുവിനെ ഏറ്റവും ദരിദ്രരിൽ, അവിടുത്തെ സഹോദരങ്ങളിൽ, നാം തിരിച്ചറിയണം" (CCC 1397). വിശുദ്ധ ജോൺ ക്രിസോസ്റ്റോം പറയുന്ന കാര്യവും ഇവിടെ പ്രസക്തമാണ്. അദ്ദേഹം പറയുന്നു: "നീ കർത്താവിന്റെ രക്തം രുചിച്ചു. എന്നിട്ടും നീ നിന്റെ സഹോദരനെ തിരിച്ചറിയുന്നില്ല. ഈ ഭക്ഷണത്തിൽ പങ്കെടുക്കാൻ അർഹതയുള്ള ഒരാൾക്കു നിന്റെ ഭക്ഷണം പങ്കുവയ്ക്കാൻ അർഹതയില്ലെന്നു നീ വിചാരിക്കുമ്പോൾ, നീ ഈ ഭക്ഷണമേശയെ അപമാനിക്കുകയാണ്. ദൈവം നിന്റെ എല്ലാ പാപങ്ങളിൽ നിന്നും മോചിപ്പിച്ച് ഈ മേശയ്ക്കു

നിന്നെ അർഹനാക്കി. പക്ഷേ നീ കൂടുതൽ കാരുണ്യമുള്ളവനായി തീർന്നില്ല" (cf. CCC 1397). മേൽപറഞ്ഞ വചനങ്ങൾ വിശുദ്ധ കുർബ്ബാനയിൽ പങ്കുചേരുന്നവർ നടത്തേണ്ട പങ്കുവയ്പിനെയാണ് സൂചിപ്പിക്കുന്നത്. ഇതാണ് കാഴ്ചവയ്പിന്റെ സമയത്ത് നടത്തുന്ന കാഴ്ചയർപ്പണത്തിന്റെ പൊരുൾ. അതിനാൽ അത് ഞായറാഴ്ച മാത്രമല്ല എപ്പോഴെല്ലാം കുർബ്ബാനയുണ്ടോ അപ്പോഴെല്ലാം ഈ പങ്കുവയ്ക്കലിന്റെ ചൈതന്യം പാലിക്കുന്നത് അഭികാമ്യമാണ്.

# അമർണ ലിഖിതങ്ങൾ

**– വിജി സന്തോഷ്**
സെന്റ് തോമാസ് യൂണിറ്റ്

ബെത്‌ലഹെം സ്ഥിതിചെയ്യുന്നത് ജെറുസലെമിന് 10 കി.മീ. തെക്കായിട്ടാണ്. ക്രിസ്തുവിന് മുമ്പ് 13-ാം നൂറ്റാണ്ടിലെഴുതിയതായി കണ്ടെത്തിയ ചില കുറിപ്പുകളാണ് "അമർണ ലിഖിതങ്ങൾ", ഇതിലാണ് ബെത്‌ലഹെമിനെ പ്പറ്റിയുള്ള ആദ്യ പരാമർശങ്ങൾ കണ്ടെത്തിയിട്ടുള്ളത്. ഈ കുറിപ്പുകൾ ഈജിപ്തിലെ രാജാക്കന്മാർക്ക് പാലസ്തീനിലെയും, സിറിയയിലെയും നാട്ടുരാജാക്കന്മാർ എഴുതിയതത്രെ. ഇവയിലൊന്നിൽ ഇപ്രകാരം എഴുതികണ്ടു. "ബിത് ലഹെമി അപീരുകളോട് ചേരുന്നതിനായി കൂറ് മാറി." ബിത്‌വഹെമി എന്നാൽ ബെത്‌ലഹെം ആണ്. എബ്രായക്കാരെയാണ് അപീരുകൾ എന്ന് സൂചിപ്പിച്ചിരിക്കുന്നത്.

ബെത്‌ലഹെം എന്ന പദത്തിന്റെ അർത്ഥം അപ്പത്തിന്റെ ഭവനം എന്നാണ്. 'ബെത്' എന്നാൽ വീട് ലഹ്മോ എന്നാൽ അപ്പം. അങ്ങനെ രണ്ടു ഹീബ്രുവാക്കുകളുടെ സംയുക്ത പദമാണ് ബെത്‌ലഹെം. ക്രിസ്തുമതത്തിലേക്ക് സ്നാനം ചെയ്യപ്പെട്ട കോൺസ്റ്റൻഡൈൻ ചക്രവർത്തിയുടെ മതം മാറ്റത്തിന് മുൻപേ ബെത്‌ലഹേം പ്രസിദ്ധമായിരുന്നു. ക്രിസ്തുപിറന്ന ഗുഹയാണ് ഇവിടുത്തെ ഏറ്റവും ശ്രദ്ധേയമായ സ്ഥലം. രണ്ടാം നൂറ്റാണ്ടിൽ അവിടുത്തെ പുൽക്കൂടും തൊഴുത്തും കണ്ടിരുന്നുവെന്ന് വി. ജസ്റ്റിനും, നാലാം നൂറ്റാണ്ടിൽ പണ്ഡിതനായ ഓറിഗനും അവകാശപ്പെടുന്നു. പിറവിപ്പള്ളി നിലനിൽക്കുന്ന സ്ഥലത്താണ് ഈ ഗുഹ. "കന്യകാമറിയത്തിൽനിന്ന് യേശു ക്രിസ്തു ഇവിടെ ജനിച്ചു" എന്നാണ് ഇവിടെ ആലേഖനം ചെയ്തിരിക്കുന്നത്.

# അവനെ നമുക്കാരാധിക്കാം – അവനാണ് ദൈവം

അഡ്വ. ജോസ് ഡേവിസ്
ലിറ്റിൽ ഫ്ളവർ യൂണിറ്റ്

ഞാൻ ആരെന്നാണ് ജനങ്ങൾ പറയുന്നത്?

ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? (Lk.9:20).

രണ്ടാമത്തെ ചോദ്യം നമ്മൾ ഓരോരുത്തരോടുമാണ്. അവൻ ഒരു പ്രവാചകൻ ആണെന്നു പറയാൻ എളുപ്പമാണ്. കാരണം, മുമ്പും അനേകം പ്രവാചകന്മാർ പല നല്ല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അവരേക്കാൾ വ്യക്തമായി അവൻ പറയുന്നുണ്ട്, പ്രവർത്തിച്ച് കാണിക്കുന്നുമുണ്ട്. പക്ഷേ, അവനെ ദൈവമെന്ന് ഞാൻ എങ്ങനെ വിളിക്കും. എന്റെ സങ്കൽപ്പത്തിലെ ദൈവം ഇത്ര ചെറുതല്ല. ഞാൻ ആശ്ര യിക്കുന്ന ദൈവം ബലഹീനനും അല്ല. അകലങ്ങളിൽ ആയിരിക്കുന്ന ദൈവത്തോട് പ്രാർത്ഥിക്കാൻ ആണ് എല്ലാ കാലത്തും മനുഷ്യന് ഇഷ്ടം. മൈലുകൾ താണ്ടി, വർ ഷത്തിലൊരിക്കൽ ഓരോ യഹൂദനും ജെറുസലേം ദൈവാലയത്തിൽ പോയിരുന്നു, ദൈവത്തോട് പ്രാർത്ഥിക്കാൻ. യഹൂദരുടെ ദൈവം വസിച്ചിരുന്നത് അവിടെ ആയി രുന്നു. ഇവിടെയിതാ ഒരു ചെറുപ്പക്കാരൻ പറയുന്നു, 'ഞാൻ ആണ്' സത്യം എന്ന്! പഴയ നിയമത്തിൽ, മോശ നിന്റെ പേരെന്താണ് എന്ന് ചോദിച്ചപ്പോൾ 'ഞാൻ ആണ്' എന്നായിരുന്നു മറുപടി.(Ex.3:14).

കുഷ്ഠരോഗിയോടും വേശ്യകളോടുമൊപ്പം സഞ്ചരിക്കുന്നവൻ, രോഗികളെ സൗഖ്യപ്പെടുത്തുന്നുണ്ടെങ്കിലും സാബത്ത് ലംഘിക്കുന്നവൻ. മരിച്ചവരെ പോലും ഉയിർപ്പിച്ചവൻ എങ്കിലും കുഞ്ഞാടിനെ പോലെ സ്വയം മരണത്തിന് കീഴടങ്ങി യവൻ. നമ്മുടെ ദൈവസങ്കൽപ്പങ്ങൾക്കും ധാരണകൾക്കും അതീതമായിരുന്നു അവന്റെ ഓരോ ചലനവും. അരൂപിയായ ദൈവത്തെ കാണാൻ ആഗ്രഹിച്ച പീലിപ്പോസ് (Jn.14:8) നമ്മുടെ പ്രതിനിധിയാണ്. എന്നാൽ ഓരോ കാഴ്ചയും അവരെ കൂടുതൽ അവിശ്വാസത്തിലേക്കാണ് നയിച്ചത്. സാബത്തിൽ രോഗശാന്തി നൽകാമോ എന്ന് തർക്കിച്ചവർ. പാപങ്ങൾ മോചിക്കാൻ ദൈവത്തിനു മാത്രമല്ലേ അധികാ രമുള്ളൂ എന്ന് വാദി ച്ചവർ. ഒടുവിൽ അവന്റെ മുഖത്ത് നോക്കി പീലാത്തോസ് ചോദിക്കുന്നു - എന്താണ് സത്യം എന്ന്. (Jn.18:38). മറുപടി വാചാലമായ മൗനം ആയിരുന്നു. സത്യം അറിയാത്തവന് അധികാരി ആയിരിക്കാൻ അവകാശമുണ്ടോ.

നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആണെന്ന് പത്രോസും, ദൈവം നിന്റെ കൂടെ ഉണ്ടെന്ന് നിക്കോദേമൂസും, ഈ മനുഷ്യൻ യഥാർത്ഥത്തിൽ നീതിമാനായിരുന്നു എന്ന് ശതാധിപനും പറയുന്നുണ്ട്. എന്നാൽ അവനെ ' ദൈവം ' എന്ന് ആദ്യമായി വിളിച്ചത് നമ്മുടെ പിതാവായ തോമാ ശ്ലീഹാ ആണ്. യോഹന്നാൻ സുവിശേഷം ആരംഭിക്കുന്നത് തന്നെ 'അവനാണ് ദൈവം ' എന്ന് ആവർത്തിച്ച കൊണ്ടാണ്. പൗലോസ് ആതെൻസിലെ അരെയോപ്പാഗസിൽ പറഞ്ഞു - നിങ്ങൾ ആരാധിക്കുന്ന അജ്ഞാതദേവനെ ഞാൻ കണ്ടു എന്ന്. നമ്മുടെ കാഴ്ചയുടെ പരിമിതിക്കുള്ളിൽ ദൈവം ഇറങ്ങി വരുന്നതാണ് ക്രിസ്തുമസ്.

നമ്മുടെ സന്തോഷങ്ങളും സങ്കടങ്ങളും ആഗ്രഹങ്ങളും പൊന്നായും മീറയായും കുന്തിരുക്കമായും അവന് കാഴ്ചയർപ്പിക്കാം. അറിയുന്നവനെ ആരാധിക്കുന്നവരാകാം. കാരണം, അവനാണ് ദൈവം.

## കേന്ദ്ര കുടുംബകൂട്ടായ്മ വാർത്തകൾ

നവംബർ 12 , 19 തീയതികളിൽ നടത്തിയ സ്പോർട്സ് മത്സരത്തിൽ പങ്കെടുത്തവർക്കും നേതൃത്വം നലകിയവർക്കും, ജഡ്ജസ് ആയി പ്രവർത്തിച്ച ബഹുമാനപെട്ട സിസ്റ്റേഴ്സ്, കൂട്ടായ്മാ ഭാരവാഹികൾ, ഇടവകാംഗങ്ങൾക്കും കൺവീനർ ടോണി തരകൻ, ജെൽഫൻ വടക്കൻ എന്നിവർക്ക് പ്രേത്യേക അഭിനന്ദനങ്ങൾ

ഒരു വർഷത്തിലേറെയായി കുടുംബവും കുടുംബകോടതിയും എന്ന ഗഹനമായ വിഷയത്തെ വളരെ ലളിതമായി നമുക്ക് പകർന്നു തന്ന അഡ്വ. ജോമോൻ കുന്നത്തിന് പത്രാധിപസമിതിയുടെ നന്ദിയും പ്രാർത്ഥനയും നേരുന്നു.



# മന്നാ ഡി.എസ്. നിക്കോളാ

**– ഗ്രെയ്സി ജോണി**
സെന്റ് തോമാസ് യൂണിറ്റ്

മിറായിലെ വി. നിക്കോളാസിന്റെ തിരുശേഷിപ്പുകളിൽനിന്നും ഒഴുകി കൊണ്ടിരിക്കുന്ന ഔഷധമൂല്യമുള്ള ഒരു തൈലമാണ മന്നാ ഡി.എസ്. നിക്കോളാ എന്നറിയപ്പെടുന്നത് എഡി 345 ഡിസംബർ 6ന് വിശുദ്ധൻ മരണമടഞ്ഞു. മിറായിലെ ഒരു ദേവാലയത്തിൽ അടക്കം ചെയ്തു. 1087 വരെ അവിടെ ഈ പൂജ്യശരീരം ഉണ്ടായിരുന്നു. ഇറ്റലിയിലെ ബാരി എന്ന പട്ടണത്തിലെ നാവികർ ഈ ഭൗതീകാവശിഷ്ടങ്ങൾ പിടിച്ചടക്കുകയും തങ്ങളുടെ പട്ടണത്തിലേക്ക് കൊണ്ടുവരികയും ചെയ്തു. വിശുദ്ധനോടുള്ള ഭക്തി ഇക്കാലത്ത് യൂറോപ്പിലും ഏഷ്യയിലും വ്യാപിച്ചു. പാശ്ചാത്യലോകത്ത് ഇത് ഒരു മതനവീകരണത്തിനു വഴിയൊരുക്കി. ബാരിയിലെ 'സാൻ നിക്കോളാ' ദേവാലയത്തിൽ ഇപ്പോഴും തിരുശേഷിപ്പുകൾ സൂക്ഷിച്ചിട്ടുണ്ട്.

ഒരു മാജിക്കുകാരനോ അല്ലെങ്കിൽ ഒരു അത്ഭുതപ്രവർത്തകനോ ആയിട്ടാണ് ഡച്ച് പ്രൊട്ടസ്റ്റന്റുകാർ ന്യൂ ആംസ്റ്റർ ഡാമിൽ വിശുദ്ധനെ വിശേഷിപ്പിക്കുന്നത്. സാന്താക്ലോസ് എന്ന സങ്കല്പം ഈ കഥയിൽനിന്നും ഉരുത്തിരിഞ്ഞതത്രെ. എന്നാൽ കത്തോലിക്ക വിശ്വാസികളാകട്ടെ വി. നിക്കോളാസിനെ ഒരു വിശുദ്ധനായും മിറായിലെ മെത്രാപ്പോലീത്തയായുമാണ് ആദരിച്ചുവരുന്നത്. ഇദ്ദേഹത്തെ മാദ്ധ്യസ്ഥ വിശുദ്ധനായി ആദരിച്ചുവരുന്ന സ്ഥലങ്ങളനേകമാണ്. ഇറ്റലി, ജർമ്മനി, ഓസ്ട്രിയ, ബെൽജിയം, ഗ്രീസ്, റഷ്യ, ലോറൈൻ തുടങ്ങിയവയെല്ലാം ഇതിലുൾപ്പെടും.

3-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഏഷ്യാമൈനറിൽ ജനിച്ച വിശുദ്ധന്റെ അമ്മാവൻ ലിസിയായിലെ മിറായിലെ മെത്രാപ്പോലീത്തയായിരുന്നു. അദ്ദേഹം വിശുദ്ധനെ അടുത്തുള്ള ആശ്രമാധികാരിയായി നിയമിച്ചു. അമ്മാവന്റെ മരണത്തോടെ വിശുദ്ധൻ മിറായിലെ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടു. മരണംവരെ ഈ പദവിയിൽ തുടർന്നു. ഡയോക്ലീഷൻ ചക്രവർത്തിയുടെ കാലത്ത് ക്രിസ്തീയ തത്വങ്ങൾ പ്രചരിപ്പിക്കുന്നു എന്ന കുറ്റം ചുമത്തി കാരാഗൃഹത്തിലടച്ചു പീഡിപ്പിച്ചു. പക്ഷേ, കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്ത് അദ്ദേഹം മോചിതനായി.

വി. നിക്കോളാസിനെ കുട്ടികളുടെ മദ്ധ്യസ്ഥനായും, നാവികർ, കച്ചവടക്കാർ, പലഹാരങ്ങൾ ഉണ്ടാക്കുന്നവർ, സഞ്ചാരികൾ, പണയത്തിന്മേൽ കടംകൊടുക്കുന്നവർ എന്നിങ്ങനെയുള്ള വിഭാഗക്കാർ കാര്യസാധ്യത്തിനായി വിളിച്ചപേക്ഷിക്കുകയും ആദരിക്കുകയും ചെയ്യുന്നതായി കാണുന്നു.

ക്രിസ്തുമസിന് തൊട്ടുമുമ്പത്തെ രാത്രിയിൽ തൂവെള്ള താടിയുള്ള സാന്താക്ലോസായി ധാരാളം സമ്മാനങ്ങളുമായി വരുന്ന സങ്കല്പം നമ്മെ എന്നു പ്രചോദിപ്പിക്കട്ടെ.

# താരം

– സ്നിയ ഡേവിസ്
സെ. മേരീസ് യൂണിറ്റ്



കുളിരുന്ന ആ രാത്രിയിൽ ഒരു താരം
വന്നുദിച്ചു ഈ ഭൂവിൽ
ഇടയന്മാർ അവർ അറിഞ്ഞു ആ
രക്ഷതൻ രാജന്റെ വരവ്
ആദ്യമേ ഭാഗ്യവാന്മാർ അയ്യോ അവർ
ഇടയരെപ്പോലെ എളിമയാൽ
ജീവിക്കാം ആ ദൂതനുടെ വരവിനായ്
ഉദിച്ചുതാരം ആ ആകാശത്തായ്
മറ്റു താരങ്ങളെക്കാൾ ശോഭയോടെ
ജ്ഞാനിതൻ വഴികാട്ടിയായി
ദർശിക്കാൻ കഴിയട്ടെ നമുക്കും
ആ പൊൻസുതനെ എന്നെന്നും
പിറക്കട്ടെ ആ പൊൻതാരം
നമ്മുടെ ഹൃദയത്തിൻ പുൽകുടിലും

# അഭിനന്ദനങ്ങൾ

എൻവയൺമെന്റൽ സ്റ്റഡീസിൽ കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ച നിനു ഡെന്നി. വയനാട് ജില്ലാ എൻവയൺമെന്റ് എഞ്ചിനീയറാണ്. ഭർത്താവ്, സെ. ആന്റണീസ് യൂണിറ്റ് ആലപ്പാട്ട് പൊന്തേക്കൻ ഡോ. ഡെന്നി ഫ്രാങ്കോ (സയന്റിസ്റ്റ്, കാർഷിക കോളേജ്, അമ്പലവയൽ വയനാട്).
ഫ്രാൻസിസ് പി.എ.. ഫോൺ : 9744630393








**ഡോ. വിമല കെ. ജോൺ**
അസോ. പ്രൊഫസർ,
സെന്റ് തോമസ് കോളേജ്, തൃശൂർ

# മറവി എന്ന പ്രതിഭാസം

ചെറുപ്രായത്തിൽ തന്നെ കൂടുതൽ പുസ്തകങ്ങൾ വായിക്കുന്നത് തലച്ചോറിന്റെ കഴിവ് കൂട്ടുന്ന ഒരു കാര്യമാണ്. വ്യത്യസ്ത വിഷയങ്ങളെക്കുറിച്ചുള്ള വ്യത്യസ്ത തരത്തിലുള്ള പുസ്തകങ്ങൾ വായിക്കുന്നത് മസ്തിഷ്ക കോശങ്ങൾ തമ്മിൽ കൂടുതൽ ബന്ധങ്ങൾ വളരാൻ കാരണമാകുന്നു. ഇതോടൊപ്പം തന്നെ വ്യത്യസ്ത സാങ്കേതിക വിദ്യകൾ പരിശീലിക്കുന്നതും ഏറെ ഗുണകരമാണ്.

നല്ല ഉറക്കം ഉറപ്പുവരുത്തുന്നതും തലച്ചോറിനെ ശക്തിപ്പെടുത്താൻ പറ്റിയ മാർഗ്ഗമാണ്. എട്ടു മണിക്കൂർ രാത്രിയിൽ ഉറക്കം ഉറപ്പുവരുത്തുകവഴി തലച്ചോറിന് ആവശ്യമായ വിശ്രമം ലഭിക്കുകയും പകൽസമയത്ത് പുതിയ വിവരങ്ങൾ സ്വീകരിക്കാനുള്ള ഊർജ്ജസ്വലത തലച്ചോറിന് ബാക്കിയാവുകയും ചെയ്യും.

മധ്യവയസ്സിൽ വരുന്ന വിഷാദരോഗം വാർദ്ധക്യത്തിൽ മറവിരോഗ സാധ്യത കൂട്ടുന്നു എന്ന് നിരവധി പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. തലച്ചോറിലെ ചില രാസവസ്തുക്കളുടെ അളവിലെ വ്യതിയാനം മൂലം വരുന്ന വിഷാദരോഗം കൃത്യമായി ചികിത്സിച്ചു ഭേദപ്പെടുത്തുകവഴി, മറവിരോഗം വരാനുള്ള സാധ്യത കുറയ്ക്കാൻ സാധിക്കും.

ഊഷ്മളവും ആരോഗ്യകരവുമായ വ്യക്തിബന്ധങ്ങൾ നിലനിർത്തുന്നത് മറവിരോഗം തടയാൻ സഹായിക്കുന്ന മറ്റൊരു പ്രധാന കാര്യമാണ്. ദിവസേന നിശ്ചിത സമയമെങ്കിലും പ്രിയപ്പെട്ടവരുമായി നേർക്കുനേർ ആശയവിനിമയം നടത്തുന്നത് മസ്തിഷ്കത്തെ ശക്തിപ്പെടുത്തും. സ്വന്തം ജീവിതം കൊണ്ട് മറ്റുള്ളവർക്ക് എന്തെങ്കിലും പ്രയോജനം ചെയ്യുന്ന തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നതും സാമൂഹിക സേവനം നടത്തുന്നതും ഒക്കെ തലച്ചോറിനെ ശക്തിപ്പെടുത്താൻ സഹായിക്കുന്ന പ്രവർത്തികൾ തന്നെയാണ്.

ചിട്ടയായ വ്യായാമം ചെയ്യുന്നത് തലച്ചോറിനെ ശക്തിപ്പെടുത്തുന്ന മറ്റൊരു പ്രധാന കാര്യമാണ്. ദിവസേന അരമണിക്കൂർ നേരമെങ്കിലും സൂര്യപ്രകാശം കൊണ്ട് വ്യായാമം ചെയ്യുന്നത് വളരെ പ്രയോജനം ചെയ്യും. ശബ്ദമലിനീകരണം മൂലം വരുന്ന കേൾവിക്കുറവ് മറവിക്ക് കാരണമാകുന്നതായി ചില പഠനങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്.

തലച്ചോറിലെ ചെറിയ രക്തക്കുഴലുകളിൽ അടവ് ഉണ്ടാക്കി തലച്ചോറിലേക്കുള്ള രക്ത ഓട്ടം തടസ്സപ്പെടുത്തുക വഴി മറവിരോഗത്തിന് കാരണമാകുന്ന ഒരു ശീലമാണ് പുകവലി. പുകവലി പൂർണ്ണമായി ഒഴിവാക്കേണ്ടതാണ്.

ജീവിതശൈലി രോഗങ്ങളായ അമിത രക്തസമ്മർദ്ദവും പ്രമേഹവും കൃത്യമായി നിയന്ത്രിക്കുകയും, തൈറോയ്ഡ് ഹോർമോൺ ശരീരത്തിൽ നിലനിർത്തുകയും വഴി വൈറ്റമിനുകളുടെ പ്രത്യേകമായി വൈറ്റമിൻ ഡിയുടെ അളവ് ക്രമമായി രക്തത്തിൽ സൂക്ഷിക്കുന്നത് മറവിയെ തടയാൻ സഹായിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളാണ്.



# 14th Year of Demise



# N.M. JOSE

Thekkanath Nallangara House

S/o N.R. Michael

Wife : Agnes Jose : Ph : 0487 2360703

(Holy Trinity Unit, Little Road)

Son : Jaison Nellangara

Daughter : Jency Bijoy

Son in Law : Bijoy Chemmanur

Grand Daughters : Catherin & Christa

Holy Trinity Kudumba Kootaimma



The Little Flower Agencies
Puthurkara, Thrissur
Jinto Kodankandath
Proprittor
Ph : 9645145415
OXYGEN
Medical Oxygen, Industriial Oxygen, Argon, CO2, Hydrogen, Nitrogen, Ascetlin etc...
All Types of gases Available here.
Oxygen Consentrator Machine
വാടകയ്ക്ക് കൊടുക്കുന്നു.


J.K.
EVENTS & BALOON DECORATION
Propritor
Jinto Kodankandath
PUTHURKKARA AYYANTHOLE
9645145415
jintojosk@gmail.com
Air Doll, Balloon Photo Printing,
Hydrogen Balloon, Balloon Arch,
Advicement Ballon,
Variety of Ballons etc.....
TX
HOSPITALS
TX HOSPITAL
BABY

# 3-ാം ചരമവാർഷികം

20.12.2023



# കല്ലുവീട്ടിൽ ലാസർ മകൻ ജോണി

ജനനം : 22 – 04 – 1944

മരണം : 20 – 12 – 2020

സ്നേഹസ്മരണകളോടെ

ഭാര്യ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

ലിറ്റിൽ ഫ്ളവർ കുടുംബകൂട്ടായ്മ

# നിയമാവബോധം



**അഡ്വ. ജോമോൻ കുന്നത്ത്**
സെന്റ് സേവിയേഴ്സ് യൂണിറ്റ്



## കുടുംബവും കുടുംബകോടതിയും – നിയമം

കഴിഞ്ഞ ഒരു വർഷത്തോളമായി നമ്മൾ വിവാഹവും അതുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങളും സംബന്ധിച്ച് വളരെ വിശദമായി തന്നെ ചർച്ച ചെയ്തു കഴിഞ്ഞു. സാധാരണ ജനങ്ങൾ മനസ്സിലാക്കിയിരിക്കേണ്ട പ്രാഥമികമായ വിവരങ്ങൾ എല്ലാം തന്നെ ഇതിനോടകം പറഞ്ഞു കഴിഞ്ഞതിനാൽ താത്കാലികമായി ഇതു സംബന്ധിച്ച് എഴുത്ത് നിർത്തുകയാണ്.

ഈ അവസരത്തിൽ പലപ്പോഴായി ഞാൻ പറഞ്ഞ കാര്യങ്ങൾ ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഒരു വിവാഹം നടത്തുമ്പോൾ തീർച്ചയായും നിങ്ങൾ നിങ്ങളുടെ മക്കളുടെ താത്പര്യങ്ങൾ അവരുടെ ആഗ്രഹങ്ങൾ, അവരുടെ സ്വപ്നങ്ങൾ, അവരുടെ തീരുമാനങ്ങൾ എന്നിവയ്ക്ക് ഏറ്റവും കൂടുതൽ പ്രാമുഖ്യം കൊടുക്കേണ്ടതുണ്ട്. ഇന്നത്തെ തലമുറ വ്യക്തമായ കാഴ്ചപ്പാടുകളോടുകൂടി മുന്നോട്ട് പോകുന്നവരാണ് അവർക്ക് അവരുടെ ഭാവി ജീവിതത്തെ കുറിച്ച് വ്യക്തമായ നിലപാടുകളുണ്ട് അത് നമ്മുടെ കാഴ്ചപാടുകളും നിലപാടുകളുമായി ഒത്തു പോകണമെന്നില്ല. തീർച്ചയായും ചെറുപ്രായത്തിൽ അവർ എടുക്കുന്ന ചില തീരുമാനങ്ങൾ തെറ്റായി പോകാം. അവരെ പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിക്കുന്നതിൽ തെറ്റുണ്ട് എന്നല്ല ഞാൻ പറഞ്ഞു വരുന്നത്. എന്നാൽ അവരുടെ തീരുമാനങ്ങളെയും അവരുടെ നിലപാടുകളെയും അടിച്ചമർത്തിക്കൊണ്ട് നിങ്ങളുടെ മാത്രം തീരുമാനപ്രകാരം. നിങ്ങൾ തീരുമാനിക്കുന്ന ഒരാളെ ജീവിതപങ്കാളിയായി സ്വീകരിക്കണം. എന്ന് വാശി പിടിക്കുമ്പോൾ അത്തരത്തിൽ നിങ്ങൾ ഉണ്ടാക്കിയെടുക്കുന്ന ബന്ധങ്ങൾ പിന്നീട് നിങ്ങളുടെ കൺമുന്നിൽ തകർന്നടിയുന്നത് പലപ്പോഴും നിങ്ങൾക്ക് കാണേണ്ടിവരും എന്ന വ്സത്യുത ഓർമ്മയിൽ വെക്കുക. ഭാവി ജീവിതം ജീവിച്ചു തീർക്കേണ്ടത് അവർ മാത്രമാണ്.

എന്നത് മറക്കാതിരിക്കുക. അതുകൊണ്ടുതന്നെ മക്കളുടെ തീരുമാനങ്ങൾ എന്താണ് എന്ന് അവരോട് കൃത്യമായും വ്യക്തമായും ചോദിച്ചറിഞ്ഞ ശേഷം മാത്രം അവരുടെ താൽപര്യങ്ങൾ അനുസരിച്ച് വിവാഹം നടത്തി കൊടുക്കുന്നതായിരിക്കും ഉത്തമം എന്നാണ് ഇത്രയും കാലത്തെ കോടതി വ്യവഹാരങ്ങളിലൂടെ എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

ഇത്രയും കാലം മരിയനാദത്തിലൂടെ കുറേയേറെ കാര്യങ്ങൾ പങ്കുവയ്ക്കുവാൻ അവസരം തന്ന, നമുക്കെല്ലാവർക്കും പ്രിയങ്കരനും ആദരണീയനുമായ ജെയ്സനച്ചനും, എഡിറ്റോറിയൽ ബോർഡിലെ എല്ലാവർക്കും, പ്രത്യേകിച്ച്, എന്നെ ഇടയ്ക്കിടെ വിളിച്ച് ഓർമ്മിപ്പിച്ചു കൊണ്ടിരുന്ന മാനേജിങ്ങ് എഡിറ്റർ ജേക്കബേട്ടനും പ്രത്യേകം നന്ദി പറഞ്ഞ കൊണ്ടും നിങ്ങൾക്ക് ഏവർക്കും സന്തോഷവും സ്നേഹവും നന്മയും കുടുംബ സമാധാനവും, നിറഞ്ഞ ക്രിസ്തുമസ് നവവത്സര ആശംസകൾ നേർന്നുകൊണ്ടും തൽക്കാലം നിർത്തട്ടെ.

## Prayer Group വാർത്തകൾ

ബഹു. വികാരി ഫാ. ജെയ്സൺ അച്ചന്റെ അനുവാദത്തോടെ, പ്രെയർ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ 10.11.2023 ന് അർദ്ധദിന ധ്യാനം നടത്തുകയുണ്ടായി. റവ.ഫാ. റോയ് വേളെകൊമ്പിൽ അച്ചന്റെ വചന സന്ദേശത്തെ തുടർന്ന് വി. കുർബാനയും ആരാധനയും ഉണ്ടായിരുന്നു.

ഏകദേശം 120 പേരോളം പങ്കെടുത്ത ധ്യാനം ആത്മീയ ഉണർവ്വ് പകർന്നു നൽകുന്നതായിരുന്നു. 9.30 am നു ആരംഭിച്ച് 1.00 pmനു അവസാനിക്കുകയും ലഘുഭക്ഷണം നൽകുകയും ചെയ്തു.

കോർഡിനേറ്റർ : ത്രേസ്യാമ്മ ജേക്കബ്

11.11.2023ന് 26 പേർ അടങ്ങിയ ഗ്രൂപ്പ് ഭരണങ്ങാനം, കുറവിലങ്ങാട്, മാന്നാനം, കൈനകരി എന്നീ സ്ഥലങ്ങളലിൽ തീർത്ഥാടനം നടത്തി. 6.00am നു പറപ്പെട്ടു രാത്രി 11.50ന് തിരിച്ചെത്തി. ആത്മീയമായ ഒരു പുത്തൻ ഉണർവ്വ് ലഭിക്കുകയുണ്ടായി. രണ്ടുനേരം ഭക്ഷണവും സ്നാക്സും കൂടാതെ സമ്മാനങ്ങളും വിതരണം ചെയ്യുകയുണ്ടായി.

**ഗ്രേസി ജോണി**

# കണ്ണുനീർ മുത്തുകൾ

**ബീന വിൻസെന്റ്**
**സെന്റ് മേരീസ് യൂണിറ്റ്**

മഴവില്ലു തെളിഞ്ഞോരാ മാനത്ത്
ഇന്നു പടരുന്നതോ
കലാപത്തിൻ കാർമേഘങ്ങൾ...
താരകങ്ങൾ ഇമചിമ്മിയ രാവുകൾ
എങ്ങോ പോയ്മറഞ്ഞു...
എങ്ങും മുഴങ്ങുന്നു
യുദ്ധത്തിൻ ഹുങ്കാരങ്ങൾ...
പ്രഭാതങ്ങളെ ഉണർത്തുന്ന
ബോംബിന്റെ സിംഹഗർജ്ജനങ്ങൾ...
പ്രദോഷങ്ങൾ പ്രഭാപൂരിതമാകുന്നതോ
മിസൈലിൻ മാരക പ്രഹരത്താൽ
പ്രഭാതത്തിനും പ്രദോഷത്തിനുമിടയിൽ
ഒഴുകുന്നതോ അശാന്തിയുടെ രക്തപ്പുഴ...
തീ തുപ്പുന്ന തോക്കിൻമുനകളിൽ,
സംഹാരരുദ്രനായ മിസൈൽ ശരങ്ങളിൽ,
തകർന്നടിയുന്ന കോൺക്രീറ്റ് കൂമ്പാരങ്ങളിൽ
ഈയാംപാറ്റപോൽ കരിഞ്ഞുവീഴുന്നു...
ഞെരിഞ്ഞമരുന്നു...
നിസ്സഹായരായ ഹതഭാഗ്യർ..
വെറിപൂണ്ട ചെന്നായക്കൂട്ടം
പാഞ്ഞടുക്കുന്നു... കടിച്ചുകീറുന്നു
എങ്ങും നിലവിളിക്കുന്ന മുഖങ്ങൾ
അപ്പൻമാർ... അമ്മമാർ...
ചേട്ടന്മാർ...ചേച്ചിമാർ...
അനിയന്മാർ... അനിയത്തിമാർ...
കുഞ്ഞുങ്ങൾ..
വിടരുംമുമ്പേ കൊഴിയുന്ന
നിർമ്മലകുസുമങ്ങൾ...
എന്തിനുവേണ്ടിയാണീ യുദ്ധം...
ആർക്കുവേണ്ടിയാണീ യുദ്ധം..
ഈ അശാന്തിയുടെ തീരത്തേക്ക്
ശാന്തിയുടെ ഒലിവിലച്ചില്ലയുമേന്തി
മാടപ്രാവെന്നുവരും...




തയ്യാറാക്കിയത് : – കുരിയൻ കെ. എഫ്., മേരി ലാസർ

## കണ്ണുനീരിന്റെ പള്ളി (The Lord Wept)

തുടർന്നു ഓശാന വീഥിയിലൂടെ സഞ്ചരിച്ച് ഒലിവുമലയുടെ താഴ്‌വാരത്ത് ജറുസലേം കോട്ടയുടെ മതിലിന്അഭിമുഖമായി സ്ഥിതിചെയ്യുന്ന കണ്ണുനീരിന്റെ ദേവാലയത്തിലെത്തി. 5-ാം നൂറ്റാണ്ടിൽ ബൈസന്റയിൻ കാലത്ത് നിർമ്മിച്ച ഈ ദേവാലയത്തിന്റെ അവശിഷ്ടങ്ങൾക്കു മുകളിലാണ് ഇപ്പോഴത്തെ ദേവാലയം നിർമ്മിച്ചിരിക്കുന്നത്. വിശ്വാസത്തിലേക്ക് വരാൻ വിസമ്മതിച്ച ജറുസലേമിന്റെ നാശത്തെ ഓർത്ത് യേശു കണ്ണുനീർ വാർത്ത സ്ഥലമായതിനാലാണ് ഇതിനെ കണ്ണുനീരിന്റെ പള്ളി എന്നു വിളിക്കുന്നത്. ശിൽപി അന്തോണിയോ ബർലൂചി കണ്ണുനീർത്തുള്ളിയുടെ രൂപത്തിലാണ് ഇതു രൂപകൽപന ചെയ്തിരിക്കുന്നത്.

## ആട്ടിടയന്മാരുടെ ദേവാലയം

കാൽവരിയും ഒലിവുമലയും കഴിഞ്ഞ് വൈകിട്ട് ഞങ്ങൾ പോയത് മനുഷ്യകുലത്തിന്റെ രക്ഷക്കായി പിറവിയെടുത്ത ഉണ്ണിയേശുവിന്റെ ജനനം ആദ്യമായി അറിഞ്ഞ ആട്ടിടയന്മാരുടെ ഗുഹയിലേക്കായിരുന്നു. ആട്ടിടയന്മാരോട് സദ് വാർത്ത അറിയിച്ചത് ഈ സ്ഥലത്തായിരുന്നു. അന്നത്തെ ഗുഹ കാര്യമായ മാറ്റങ്ങളില്ലാതെ നിലനിർത്തിയിരിക്കുന്നു. ഇവിടെ ചെറിയൊരു പുൽക്കൂടും, അൾത്താരയും ഒരുക്കിയിട്ടുണ്ട്. ഇതിനു വലതുവശത്ത് മുകളിലായി ഇടയന്മാരുടെ കൂടാരങ്ങളുടെ മാതൃകയിൽ ചെറിയൊരു ദേവാലയം നിർമ്മിച്ചിട്ടുണ്ട്. 1953 ൽ നിർമ്മിച്ച ഈ ദേവാലയം ഫാത്തിമ നാഥയ്ക്കും ലിസ്യുവിലെ സെന്റ് തേരേസക്കുമായി സമർപ്പിച്ചിരിക്കുന്നു. ദേവാലയത്തിനകത്ത് മാലാഖമാർ ആട്ടിടയന്മാർക്ക് പ്രത്യക്ഷപ്പെടുന്നതിന്റെയും പുൽത്തൊട്ടിയിൽ ഉണ്ണിയേശു കിടക്കുന്നതിന്റെയും രംഗങ്ങൾ ചിത്രീകരിച്ചിരിക്കുന്നു.

തിരുപ്പിറവി ദേവാലയം (Nativity Church)

ബെത്‌ലഹെമിലെ തിരുപ്പിറവി ദേവാലയം അടുത്തതായി സന്ദർശിച്ചു. നിരവധി തൂക്കുവിളക്കുകളാൽ അലംകൃതമായ അൾത്താരക്കു താഴെയൊരു വാതിലിലൂടെ സ്റ്റെപ്പുകൾ ഇറങ്ങി. തലകുനിച്ചു മാത്രമേ നമുക്കു ഉണ്ണിയേശു ജനിച്ച പരിപാവനമായ ഇവിടെ പ്രവേശിക്കാനാവൂ. ഇവിടെ ഉണ്ണിയേശുവിന്റെ ജന്മസ്ഥലത്ത് ഒരു വെള്ളിനക്ഷത്രം സ്ഥാപിച്ചിരിക്കുന്നു. എല്ലാവരും മുട്ടുകുത്തി ഈ സ്ഥലത്ത്

ചുംബിച്ച് പ്രാർത്ഥിച്ച് പൂജ്യവസ്തുക്കളും ഇവിടെ തൊടുവിച്ചു അഭിഷേകം ചെയ്തതിനു ശേഷം മറ്റൊരു വാതിലിലൂടെ പുറത്തു കടന്നു.

**പാൽഗുഹ**

ഉണ്ണിയേശുവിന്റെ ജനനവാർത്ത കേട്ട് വിറളിപൂണ്ട ഹെറോദേസ് രാജാവ് രണ്ട് വയസ്സിൽ താഴെയുള്ള ആൺകുട്ടികളെ കൊല്ലാൻ കൽപ്പന പുറപ്പെടുവിക്കുകയും ഇതിൽ നിന്ന് രക്ഷപ്പെടാനായി ആ രാത്രി തന്നെ ഈജിപ്തിലേയ്ക്ക് പുറപ്പെടുകയും, വഴിയിൽ ഉണ്ണിയേശുവിന് പാൽ കൊടുക്കാനായി മാതാവ് ഒരു ഗുഹയിൽ കയറി. പാൽ കൊടുത്തുകൊണ്ടിരിക്കുമ്പോൾ ഒരു തുള്ളി പാൽ നിലത്തുവീഴുകയും ഉടനെ തന്നെ ആ ഗുഹയിലെ കറുത്ത പാറ പാൽ നിറത്തിലായി എന്നും ചരിത്രം പറയുന്നു. ഈ പാറയിൽ നിന്നുള്ള പൊടി ചുരണ്ടിയെടുത്തു കഴിച്ചാൽ മക്കളുണ്ടാവാത്തവർക്ക് മക്കളുണ്ടാവുമെന്നും മുലപ്പാൽ കുറവുള്ളവർക്ക് മുലപ്പാൽ വർദ്ധിക്കുമെന്നും ക്രൈസ്തവരും മുസ്ലിങ്ങളും വിശ്വസിക്കുന്നു.

12-05-2023 ന് എൻ കരേം സന്ദർശിച്ചു. (യോഹന്നാന്റെ ജന്മസ്ഥലവും, മാതാവ് ഏലീശാമ്മയെ കണ്ടുമുട്ടിയ സ്ഥലവും). രാവിലെ പ്രഭാതഭക്ഷണത്തിനു ശേഷം 7 മണിക്കുതന്നെ പുറപ്പെട്ടു. ആദ്യം യോഹന്നാന്റെ ജന്മസ്ഥലത്തേയ്ക്ക് പോയി. ഗുഹയ്ക്കുള്ളിലുള്ള പൂജ്യമായ ഈ സ്ഥലം മാർബിളിൽ അടയാളപ്പെടുത്തിയിട്ടുണ്ട്. ഇതിനുമുകളിൽ ചെറിയൊരു അൾത്താരയും. ഇവിടെ എല്ലാവരും മുട്ടുകുത്തി പ്രാർത്ഥിച്ചു. പൗരോഹിത്യവിധിപ്രകാരം ദേവാലയത്തിൽ ധൂപാർപ്പണത്തിന് കുറിവീണ സക്കറിയ ധൂപാർപ്പണം നടത്തികൊണ്ടിരിക്കെ ഗബ്രിയേൽ ദൂതൻ 'പിറക്കുവാൻ പോകുന്ന കുഞ്ഞിന് യോഹന്നാൻ എന്ന് പേരിടണം' എന്ന് പറയുകയും വിശ്വസിക്കാനാകാതെ നിന്ന സഖറിയയോട് "ഇത് സംഭവിക്കുന്നതുവരെ നീ മൂകനായിയിരിക്കും" എന്നു പറഞ്ഞതും, കുഞ്ഞിന്റെ ജനനശേഷം പരിഛേദനകർമ്മത്തിന് പേരു ചോദിച്ചപ്പോൾ പലകയിൽ യോഹന്നാൻ എന്നെഴുതിയ ഉടനെ വായ് തുറക്കപ്പെട്ടതും, പിന്നീട് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് സഖറിയ പ്രവചനഗീതം നടത്തിയതും ഇവിടെയാണ്. പിന്നീട്, ഗർഭിണിയായ ഏലിശ്വാമ്മയെ മാതാവ് സന്ദർശിച്ച സ്ഥലത്ത് പോയി. 142 സ്റ്റെപ്പ് കയറിയാണ് ഇവിടെ എത്തിയത്. ഏലീശ്വയെ കാണാൻ പോകുന്ന വഴി മാതാവ് ദാഹമകറ്റിയ ഒരുറവ കാണാം. Mary's Spring എന്ന പേരിൽ ഇതറിയപ്പെടുന്നു.

**സെഹിയോൻ ഊട്ടുശാല** (Upper room of Last Supper)

ജറുസലെത്ത് Mount Zion ൽ അന്ത്യഅത്താഴം നടന്ന സെഹിയോൻ ഊട്ടുശാലയിലേക്കാണ് പിന്നീട് പോയത്. ദാവീദ് രാജാവിന്റെ ശവകുടീരം ഇവിടെയാണ്. ഊട്ടുശാലയിലേക്ക് Room of Last Supper എന്നെഴുതിയ ബോർഡ് കാണാം. യേശു ശിഷ്യരുടെ പാദങ്ങൾ കഴുകിയതും, പെസഹാ ഭക്ഷിച്ചതും, കുർബ്ബാ സ്ഥാപിച്ചതും

ഇവിടെയാണ്. ഇവിടെ വച്ച് പന്തക്കുസ്തനാളിൽ യേശു ശിഷ്യർക്ക് പ്രത്യക്ഷപ്പെട്ടുകയുണ്ടായി. ശിഷ്യന്മാർ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടതും ഇവിടെ വെച്ചു തന്നെ.

**ഉറങ്ങിക്കിടക്കുന്ന മാതാവ്**

ദാവീദിന്റെ ശവകുടീരത്തോടു ചേർന്നുള്ള ദേവാലയത്തിൽ ഉറങ്ങികിടക്കുന്ന മാതാവിന്റെ രൂപം കാണാം. ഉറങ്ങിക്കിടക്കുന്ന യൗസേപ്പിതാവിന്റെ രൂപം കണ്ടിട്ടുണ്ടെങ്കിലും മാതാവിന്റേത് ആദ്യമായാണ് കാണുന്നത്.

പത്രോസ് യേശുവിനെ തള്ളിപറഞ്ഞ സ്ഥലമാണ് പിന്നീട് സന്ദർശിച്ചത്. (St. Peter in Gallicant) ഈ കാരാഗ്രഹത്തിനു മുകളിൽ ഒരു ദേവാലയം നിർമ്മിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ദേവാലയത്തിന്റെ പ്രധാന വാതിലിൽ പത്രോസ് 3 പ്രാവശ്യം തള്ളി പറയുന്നതിന്റെ ദൃശ്യം കൊത്തിയിട്ടുണ്ട്. ദേവാലയത്തിന്റെ വശങ്ങളിൽ മുകളിലായി യേശുവിനെ വിചാരണ ചെയ്യുന്നതിന്റെയും കാരാഗൃഹത്തിൽ ബന്ധിതനായി ഇരിക്കുന്നതിന്റെയും, യേശുവിനെ തള്ളിപ്പറഞ്ഞതിൽ മനം നൊന്തു പത്രോസ് കരയുന്നതിന്റെയും ചിത്രം വരച്ചുവെച്ചിട്ടുണ്ട്. ദേവാലയത്തിനു പുറത്ത് കാവൽക്കാർ തീ കായുന്നതിന്റെയും പത്രോസ് അരികിൽ ഇരിക്കുന്നതിന്റെയും ശിൽപം കാണാം

**പ്രലോഭന മല** (Temptation Mount)

യേശുവിനെ പത്രോസ് തള്ളിപറഞ്ഞ സ്ഥലത്തെ ദേവാലയത്തിൽ നിന്നും 2 മണിക്കൂർ യാത്ര ചെയ്ത് King Hussain Bridge കടന്ന് ജറീക്കോയിലെത്തി. ഇവിടെക്കുള്ള വഴിയിൽ ഇരുവശവും നിറയെ ഈന്തപ്പനത്തോട്ടങ്ങൾ കാണാം. ഇവിടത്തെ ഈത്തപ്പഴം പ്രസിദ്ധമാണ്. ജറീക്കോയിൽ ഒരു വലിയ സിക്കമൂർ മരം കാണാൻ സാധിച്ചു. സക്കേവൂസ് കയറിയ മരം എന്നതിന് തെളിവൊന്നുമില്ലെങ്കിലും ധാരാളം പേർ ഇത് കാണാനെത്തുന്നു. ഇവിടെയാണ് പ്രലോഭനമല. യേശുവിനെ പിശാച് 40 ദിവസം പരീക്ഷിച്ച മല. ഈ മല പ്രലോഭനമല എന്നറിയപ്പെടുന്നു. കയറാൻ ബുദ്ധിമുട്ടുള്ള ഈ മലയുടെ ചരുവിൽ നീളത്തിൽ ഒരു ഗ്രീക്ക് ആശ്രമം പ്രവർത്തിക്കുന്നുണ്ട്. 10,000 വർഷം പഴക്കമുള്ള ലോകത്തിലെ ഏറ്റവും പഴയ പട്ടണം എന്ന ബോർഡ് ഇവിടെ കാണാം.

ജറീക്കോയിൽ നിന്ന് ഭക്ഷണം കഴിച്ചതിനുശേഷം ബഥാനിയായിലെ മർത്താമറിയത്തിന്റെ ഭവനത്തിനു മുകളിൽ നിർമ്മിച്ചിട്ടുള്ള ദേവാലയവും, ലാസറിന്റെ കുഴിമാടവും സന്ദർശിച്ചു. ഇവിടെ കുർബ്ബാനയർപ്പിക്കാനായി ടൂർ ഓപ്പറേറ്റർ സി. ജോസ് സൗകര്യമൊരുക്കിയിരുന്നു. ലാസറിന്റെ ഉത്ഥാനത്തെ ഓർമ്മിപ്പിക്കും വിധം മുകളിലെ ചില്ലുകൊണ്ടുള്ള ഡോമിൽ നിന്നുള്ള പ്രകാശമാണ് ദേവാലയത്തിനകത്ത്.

*(തുടരും..)*

# ഒരു ചെറു ചിന്ത

'നിന്നെ നേരെയാക്കാൻ പറ്റുമോന്ന് ഞാനൊന്ന് നോക്കട്ടെ. നീയിനി മിനിയുടെ അടുത്ത് ഇരുന്നാൽ മതി. 'നാലാം ക്ലാസിൽ വെച്ചാണ് എന്റെ പൊട്ടിപ്പൊരിച്ചിലിന് ഒരു അടക്കം വെക്കാൻ മാഷ് തീരുമാനിച്ചത്.

ഞാൻ തകർന്നു പോയി.. നാല് തല്ല് കിട്ടിയാലും ക്ലാസിന് പുറത്താക്കിയാലും ഞാൻ പുഷ്പം പോലെ സഹിച്ചേനെ .

പക്ഷേ മിനിയുടെ അടുത്ത് ഇരിക്കാനുള്ള ശിക്ഷ വിധിച്ചതോടെ ഞാൻ തളർന്നു.

'ഇനി ഞാനൊന്നും കാട്ടൂല. നല്ലോണം പഠിച്ചോണ്ട് .' ഞാൻ മാഷോട് കെഞ്ചി.

മാഷ് അയഞ്ഞില്ല. മറ്റു കുട്ടികൾ ശിക്ഷ കേട്ട് വാ പൊത്തി ചിരിച്ചു.

കൂട്ടത്തിൽ മിനിയും...

മിനി ദളിത് ആയിരുന്നു. പക്ഷേ അന്ന് ജാതിയെ പറ്റിയൊന്നും അറിയില്ല. ആ കുട്ടി കറുത്തിട്ടാണ് , വൃത്തിയില്ല , മറ്റു കുട്ടികളെ പോലെയല്ല എന്നൊക്കെയാണ് പ്രശ്നം. മിനിയുടെ ചെവി എപ്പോഴും പൊട്ടി ഒലിച്ചു കൊണ്ടാണ്, മൂക്കും. പേൻ നെറ്റിയിൽ വന്ന് നിൽക്കും. ആകെ രണ്ട് കുപ്പായം ഉണ്ട്. അതാണെങ്കിൽ തിരുമ്പൂം ഇല്ല. പുഴുപ്പല്ലത്തി . തുറന്ന് പിടിച്ച വായിൽ നിന്ന് എപ്പോഴും തുപ്പൽ ഊറിച്ചാടും . ആ ബെഞ്ചിൽ മിനിയെ കൂടാതെ ഇരുന്നിരുന്ന മറ്റ് നാല് കുട്ടികളും ദളിതരായിരുന്നു എന്ന് ഇന്നോർക്കുമ്പോൾ മനസ്സിലാവുന്നു. പക്ഷേ മിനിയെക്കാൾ അൽപം കൂടെ വൃത്തിയുള്ളവർ ആണെന്ന് മാത്രം.

മിനിയുടെ അടുത്ത് ഇരിക്കില്ലെന്ന് വാശിപിടിച്ച് കരഞ്ഞ എന്നെ മാഷ് ചെവിക്ക് പിടിച്ച് അവളുടെ അടുത്ത് ഇരുത്തി. 'വേണ്ടാ വേണ്ടാന്ന് വെച്ചപ്പൊ നീയെന്നോട് ചോദിച്ച് വാങ്ങിയതാ ഇത് ' എന്നും പറഞ്ഞ് - -

ഒരുതരം ചീഞ്ഞ മണം മിനി പുറപ്പെടുവിച്ചു . എണ്ണ കിനിഞ്ഞിറങ്ങിയ നെറ്റിയിൽ മുട്ടൻ പേനുകൾ പുറംലോകം കാണാൻ വന്നു നിന്നു.. മിനി എന്നെ നോക്കി സാരല്യ ന്ന് പറയും പോലെ ചിരിച്ചു.. ഞാൻ ചിരിച്ചില്ല.

മാഷ് ബോർഡിൽ കുറയ്ക്കൽ കണക്ക് എഴുതി. പത്ത് ജന്മം കഴിഞ്ഞാലും എനിക്ക് അതിന്റെ ഉത്തരം തെറ്റാതെ കണ്ടു പിടിക്കാൻ കഴിയില്ല. മിനി ഒറ്റയടിക്ക് ചെയ്തു.. എന്നിട്ട് എനിക്ക് ഉത്തരം കാണിച്ചു തന്നു. മിനിയെ ഇഷ്ടമില്ലെങ്കിലും ഞാനാ ഉത്തരം മിനിയുടെ സ്ലേറ്റിൽ നിന്നും കോപ്പിയടിച്ച് മാഷുടെ
അടുത്തേക്ക് പാഞ്ഞു.

'ക്ലാസിൽ ശ്രദ്ധിച്ചപ്പൊ കണക്ക് ശരിയായത് കണ്ടോ? 'മാഷ് ചോദിച്ചു.

ന്നാ ഇനി ഞാൻ മാറി ഇരിക്കട്ടെ?

'അതിനായിട്ടില്ല, നീയേയ് കൊറച്ചൂടെ ശരിയാവാന്ണ്ട്. പോയിരിക്ക് അവളുടെ അട്ത്തന്നെ ' മാഷ് എന്നെ ആട്ടിവിട്ടു.

മിനിയുടെ അടുത്തിരിക്കാൻ വിധിക്കപ്പെട്ട എന്നെ എല്ലാവരും പരിഹസിച്ചു

മിനി അവളുടെ പുസ്തകം വെയ്ക്കുന്ന പ്ലാസ്റ്റിക് കവറിൽ കയ്യിട്ട് പുളിങ്കുരു ചുട്ടതും ചാമ്പക്കയും നീട്ടി. മിനിയുടെ കൈവെള്ളയിലേയും കൈനഖങ്ങളിലേയും അഴുക്ക് നോക്കി വെറുപ്പോടെ വേണ്ടെന്ന് തലയാട്ടി നീങ്ങിയിരുന്നു. അവൾക്കും എനിക്കും ഇടയിൽ എന്റെ ടവ്വൽ ചുരുട്ടി വെച്ച് 'നീ ഇതിനപ്പുറം വന്നാൽ പെൻസിൽ കൊണ്ട്കുത്തും '

എന്ന് ഭീഷണിപ്പെടുത്തി. എനിക്ക് കിട്ടിയ കൊടും ശിക്ഷ ഓർത്ത് ചങ്ക് തകർന്ന് ഇടയ്ക്കിടെ കരഞ്ഞു .

വൈകുന്നേരം വീട്ടിൽ വന്നപ്പോൾ അമ്മമ്മ ചോദിച്ചു

'എന്താ അന്റെ കണ്ണും മൊകറും ഇങ്ങനെ? പിന്നേം തല്ല് കിട്ടിയോ?'

ഞാൻ പ്രശ്നം പറഞ്ഞു. ഒപ്പം മിനിയുടെ അടുത്ത്ന്ന് മാറ്റി ഇരുത്താതെ ഞാനിനി സ്കൂളിൽ പോവില്ല എന്നും..

'വേണ്ട,പോവണ്ടാ ആർക്കാ ഇവിടെ യ്യ് സ്കൂളിൽ പോവണം നിർബന്ധം ? നാളെ തൊട്ട് ഇവിടെ അടിച്ച് വാരും പാത്രംകഴുകും ഒക്കെ ചെയ്തോ. യ്ക്ക് ഒരു സഹായൂമാവും' അമ്മമ്മ ദയാരഹിതമായി

കൈയൊഴിഞ്ഞു.

അമ്മയോട് പറഞ്ഞു. കാര്യങ്ങൾ കേട്ടപ്പൊ അമ്മ പറഞ്ഞു. നിനക്ക് മിനിയുടെ അടുത്ത് അധികം ഇരിക്കേണ്ടി വരില്ല. എനിക്ക് സന്തോഷായി. അമ്മ കാരണവും പറഞ്ഞു തന്നു.

'കണക്ക് ഒരു തേങ്ങയും അറിയാത്ത കുട്ട്യോൾടെ അടുത്തൊക്കെ ആരിരിക്കാനാ? മിനി വൈകാതെ മാഷോട് ചോദിച്ച് നിന്റെ അടുത്ത്ന്ന് മാറി ഇരിക്കും. അനക്കില്ലെങ്കിലും അതിന് ഒരു നാണക്കേടില്ലേ കണക്ക് അറിയാത്തോര് ടെ അടുത്ത് ഇരിക്കാൻ ?'

കണക്ക് ... കണക്ക്... എന്ത് പറഞ്ഞാലും ണ്ട് ഒര് കണക്ക്. നാശം.

അമ്മയും കണക്കിനെ കൂട്ടുപിടിച്ച് വഴി അടച്ചതോടെ എനിക്ക് മരിച്ചാ മതി തോന്നി.

'മണ്ണെണ്ണ കുടിച്ചിട്ട് ഒരു തീപ്പെട്ടിക്കൊള്ളി കത്തിച്ചത് വിഴുങ്ങിയാ മതി മെരിച്ചോളും ' അനിയൻ സഹായത്തിന് വന്നു.

രാവിലെ സ്കൂളിൽ പോവില്ല പറഞ്ഞ് കരഞ്ഞതും അമ്മ ചെമ്പരത്തിക്കൊമ്പ് ഒടിച്ചു.

കരച്ചിലിന്റെ ട്യൂൺ ഒന്ന് മാറ്റി.

'ഇന്ന് പോവും ...നാളെ പോവൂല്ല...'

സ്കൂളിലേക്ക് ഇറങ്ങാൻ നേരം അമ്മ മൂന്ന് സാധനങ്ങൾ ബാഗിൽ വെച്ചു തന്നു. മിനിയ്ക്ക് കൊടുക്കാൻ. ഒരു പേൻ ചീർപ്പ്, ചന്ദ്രികാ സോപ്പ്, ഒരു ടവ്വൽ. അത് കണ്ടപ്പോ നഴ്സിംഗ് അസിസ്റ്റന്റ് ആയ അമ്മമ്മ ഇത്തിരി കോട്ടണും എടുത്തു തന്നു.

# CFCICI

THE CENTRAL FINANCIAL CREDIT AND INVESTMENT CO-OPERATIVE (INDIA) LTD.

Multi State Credit Co operative Society
Registered under Multi State Co operative Societies Act, 2002
Ministry of Co operation, Government of India
Registration No. MSCS/CR/338/2010

Registered Office
CFCICI, Marian Complex, Kurisupally Junction, Pala, Kottayam, Kerala - 686575 | T: 04822 215544 | E-mail : ho@cfcici.co.in
Web : www.cfcici.co.in

## നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നല്കുന്നു

| Deposits | Period |
|---|---|
| **Fixed Deposits (FD)** | **6 months, 1 Year** |
| (Interest Credit) | Monthly, Quarterly, Yearly |
| **Recurring Deposits (RD)** | **13, 23 and 61 months** |
| **Doubling Scheme** | **6 years** |

## Services at your doorstep

**Samjo Anto**
**(Little Flower Unit)**
**8714449409**
**8129319409**

പ്രിയപ്പെട്ടവർക്കുവേണ്ട സുരക്ഷയും

**ഒപ്പം മികച്ച പലിശയും!**



**FIXED DEPOSITS I RECURRING DEPOSIT I GOLD LOAN I PERSONAL LOAN I VEHICLE LOAN I SMALL VALUE LOAN I VYAPAR SAHAYLOAN**

# Wedded on 04-10-2023

**Vincent Xavier**
S/o. Mr. Xavier (late) &
Mrs. Lissy Xavier
Arimpur Vazhaparamban House
Puthoorkara
Ayyanthole, Thrissur

**Anitta Alphonse**
D/o. Mr. Alphonse T.L. &
Mrs. Nisha Alphonse
Thekkekkara House,
Chakkanthara, Palakkad







Sharing the happiness :
Prinson, Vincy, Joshua

ഇതാ കുട്ടിയോട് ചെവിയിൽ വെക്കാൻ പറയ്ന്ന് പറഞ്ഞ്.
ഞാനതു കൊണ്ടുപോയി കൊടുത്തു. സോപ്പല്ല സ്വർണ്ണക്കട്ടിയാ കിട്ടിയത് എന്ന പോലെ അവൾ തുള്ളിച്ചാടി. സോപ്പ് മണത്തിട്ടുീ മണത്തിട്ടും മതിവരുന്നില്ല.
പിറ്റേന്ന് അവളുടെ നെറ്റിയിൽ സ്ഥിരം കാണാറുള്ള ഉണ്ടപ്പേനുകൾഉണ്ടായിരുന്നില്ല.
'ശ്ശ് തന്ന ചീർപ്പോണ്ട് ചീകിയപ്പൊ ഒരു ഉപ്പേരിയ്ക്ക് ഉള്ള പേനിനെ കിട്ടി . ' മിനി ചിരിച്ചു..
മൂക്കൊലിച്ചപ്പൊ പുറം കൈയ്ക്ക് പകരം ടവ്വലോണ്ട് മൂക്ക് തുടച്ചു. ചീത്ത മണത്തിന് പകരം അവളിൽ നിന്ന് ചന്ദ്രികാ സോപ്പിന്റെ മണം കിട്ടി.
എന്നാലും എനിക്ക് അവളുടെ അടുത്ത് ഇരിക്കണ്ടായിരുന്നു.
ഞാൻ കഷ്ടപ്പെട്ട് മര്യാദക്കാരിയായി അഭിനയിച്ച് തകർത്തു. ദിവസവും അതും പറഞ്ഞ് മാഷോട് സ്ഥലമാറ്റത്തിന് കെഞ്ചി.
'മിനിയുടെ അടുത്തിരിക്കുന്നവൾ ' എന്ന ചില കുട്ടികളുടെ പരിഹാസം സഹിക്കാവുന്നതിനപ്പുറമായിരുന്നു.
ഒടുക്കം ഒരു ദിവസം മാഷ് അയഞ്ഞു .
എനിക്ക് മുന്നിലെ ബെഞ്ചിലേക്ക് മാറ്റം കിട്ടി.
നാലാംക്ലാസ് കഴിഞ്ഞതോടെ ഞങ്ങൾ എല്ലാവരും വേറെ വേറെ സ്കൂളിലായി . ഒക്കെ മറന്നും പോയി.
ഈ അടുത്തൊരു ദിവസം ചെറിയ മോൾക്കൊരു പനിയും ഛർദ്ദിയും. അവളേം കൊണ്ട് ഹോസ്പിറ്റലിൽ പോയി.
'ദീപേ അനക്ക് ന്നെ മനസ്സിലായില്ലേ.. ചോദിച്ചു കൊണ്ട് വാ നിറയെ ചിരിയുമായി വന്ന നഴ്സിനെ എനിക്ക് മനസ്സിലായില്ല.
'ഞാൻ മിനിയാടീ പണ്ട് നാലിൽ ഒപ്പം പഠിച്ചിരുന്ന... '
തിരിച്ചറിയാഞ്ഞത് എന്റെ തെറ്റല്ല. അവൾക്ക് പഴയ മിനിയുടെ ഒരു ഛായയും ഇല്ല. എന്റെ മോളെ അവളുടെ മോളായി അവൾ അങ്ങ് ഏറ്റടുത്തു. ഒക്കെ കഴിഞ്ഞ് തിരിച്ചു മടങ്ങും നേരം മിനി മോളോട് തമാശ പറഞ്ഞു. 'കുട്ടിക്കാലത്ത് എന്റടുത്തിരിക്കാൻ മടിച്ച് നിന്റെ അമ്മ ഒരു ടവ്വൽ ഒക്കെ അതിര് വച്ചാ ഇരുന്നിരുന്നത്, '
എനിക്ക് അവളെ കണ്ടപ്പോൾ തൊട്ട് കുറ്റബോധത്തിന്റെ കരച്ചിൽ ഉള്ളിൽ ചുറ്റിത്തിരിയുന്നത് അങ്ങ് പൊട്ടിപ്പോയി :
' കുട്ടികളാവുമ്പോൾ നമുക്കറിയില്ലല്ലോ മിനീ അങ്ങനെ ഒന്നും പറയാനും ചെയ്യാനും പാടില്ല എന്ന് '
ഞാൻ ഏങ്ങി.
'ശ്ശ് എന്താ ഇബളേ ഇങ്ങനെയൊരു നോള..'
എന്നു പറഞ്ഞ് അവൾ ചിരിച്ചോണ്ടെന്നെ കെട്ടിപ്പിടിച്ചു.
അതൊക്കെ അന്നത്തെ ഓരോരോ രസങ്ങളല്ലേ? എന്നവൾ ചോദിച്ചെങ്കിലും ഇന്നോർക്കുമ്പോൾ എനിക്ക് ഒട്ടും രസം തോന്നിയില്ല.

ചിരിയോടെ തന്നെ അവൾ പറഞ്ഞു 'അന്നൊക്കെ കുട്ട്യോൾക്ക് കിട്ടിയിരുന്ന ഏറ്റവും വലിയ ശിക്ഷ മിനീടെ അടുത്ത് ഇരുത്തും ന്ന ഭീഷണി ആയിരുന്നുല്ലേ...? ന്റെ അമ്മയ്ക്ക് പ്രാന്താന്ന് ഞാൻ മനസ്സിലാക്കിയതന്നെ വല്യ ക്ലാസിൽ എത്തീട്ടാ. എല്ലാര്ടെ അമ്മേം ഇങ്ങനെ ഒക്കെയാവുംന്നാ കരുത്യേത്. കള്ള് കുടിച്ച് കച്ചറ ഉണ്ടാക്കി നടക്കുന്ന അച്ഛയ്ക്ക് ഞാൻ സ്കൂളിൽ പോണത് തന്നെ അറിയില്ല. സ്കൂളിയ്ക്ക് വൃത്തിയായി പോവണം എന്ന് ആര് പറഞ്ഞ് തരാൻ? അതൊക്കെ ഒരു കാലം '

'സാരല്യ, മതി പറഞ്ഞത്.. ' എന്നുപറഞ്ഞ് ഞാനവളെ കെട്ടിപ്പിടിച്ചു. ചന്ദ്രികാ സോപ്പിന്റെ മണം മൂക്കിൽ വന്ന് തട്ടി.

നീ ഇപ്പഴും ചന്ദ്രികാ സോപ്പ് തന്ന്യാ?

'ഞാൻ ആദ്യായി ഒര് സോപ്പ് മേത്ത് തേച്ച് കുളിച്ചത് ആ ചന്ദ്രികാ സോപ്പോണ്ടാ . അത് വരെ 501 ബാറിന്റെ ഒര് ചെറ്യേ കഷ്ണം കൊണ്ടായിരുന്നു കുളി. ആ കഷ്ണം തന്നെ വല്ലപ്പോഴുമാ കിട്ടാ.. ചന്ദ്രികയങ്ങട്ട് തേച്ചാലെ യ്ക്ക് ഇപ്പഴും കുളി ഒരു കുളിയാവൂ. '

വർത്താനത്തിടെ ചിരി മായാതെ തന്നെ അവൾ പറഞ്ഞു.

' അന്ന് കുട്ടിയാവുമ്പൊ ന്റെ ജാതിയല്ലായിരുന്നു ന്റെ വൃത്തിയായിരുന്നു ങ്ക്ക് പ്രശ്നം.. ഇപ്പൊ യ്ക്ക് വൃത്തി ഉണ്ടെങ്കിലും ജാതി ചെലോർക്ക് ഒരു പ്രശ്നം തന്ന്യാ . ജാതിയില്ലാന്ന് പറയ്ണതൊക്കെ വെറ്ത്യാടി. ഇപ്പഴും ഉച്ചയ്ക്ക് ചോറുണ്ണാൻ ന്റെ ഒപ്പം ഇരിക്കുമ്പൊ ന്റെ കറികള് തിന്നാൻ മടി ഉള്ള ചെലോര് ഉണ്ട്. സന്തോഷം കാട്ടി എന്റേന്ന് കറി വാങ്ങിയ്ക്കൊക്കെ ചെയ്യും. ന്ന്ട്ട് ഭക്ഷണ വേസ്റ്റിന്റെ ഒപ്പം പതുക്കെ അതങ്ങട്ട് തിന്നാതെ കളയും .യ്ക്ക് അത് മനസ്സിലാവും.

ഇപ്പൊ ഞാൻ കൊണ്ട് വര്ണ കറിയൊന്നും ഓര്ക്ക് കൊട്ക്കലില്ല. നമ്മള് നയിച്ച് ണ്ടാക്ക്ണ പൈസയ്ക്ക് വാങ്ങിയ സാധനങ്ങൾ ഓര്ക്ക് അങ്ങനെ കളയാൻ കൊട്ക്കണ്ടച്ചട്ട് '

കണ്ടപ്പോൾ തൊട്ട് പിരിയും വരേയും ഇങ്ങനെയുള്ള പല അനുഭവങ്ങളും പറഞ്ഞിരിക്കുമ്പോൾ അവൾക്ക് ചിരി തന്നെ ആയിരുന്നു..

മിനിയുടെ അടുത്തിരിക്കാനുള്ള ശിക്ഷ വിധിക്കുമ്പോൾ മറ്റു കുട്ടികൾക്ക് ഒപ്പം അവളും ചിരിച്ചിരുന്ന അതേ ചിരി .

അവളെ ഓർക്കുമ്പോഴെല്ലാം ഉള്ളിലൂറുന്ന കുറ്റബോധത്തെ എക്കാലവും ആളിക്കത്തിക്കും ഇനിയാ ചിരി..

**കടപ്പാട് : വി.കെ.ദീപ**

# നാടൻ പോർക്ക് ഫ്രൈ



പോർക്ക് 1 കിലോ, ആവശ്യത്തിന് ഇഞ്ചി, പച്ചമുളക്, വേപ്പില, കുറച്ചു മഞ്ഞൾ പൊടി, കുറച്ചു മുളകുപൊടി, ഉപ്പ് എന്നിവ ചേർത്ത് വേവിക്കുക. വെന്തു കഴിഞ്ഞാൽ നെയ്യ് ഊറ്റി മാറ്റുക.

ഒരു പാനിൽ പോർക്ക് നെയ്യ് ഉണ്ടെങ്കിൽ അത് അല്ലെങ്കിൽ വെളിച്ചെണ്ണ ഒഴിച്ച് ചൂടാകുമ്പോൾ അതിൽ ചുകന്നുള്ളി അര കപ്പ് നീളത്തിൽ അരിഞ്ഞത്, വെള്ളുള്ളി അര കപ്പ് നീളത്തിൽ അരിഞ്ഞത്, ഇഞ്ചി 1 വലിയ കഷ്ണം നീളത്തിൽ അരിഞ്ഞത്, കുറച്ച് വേപ്പില എന്നിവ ഇട്ട് വഴറ്റി പാകമാകുമ്പോൾ 1 ടിസ്പൂൺ ഖരം മസാല ഇട്ട് ഇളക്കുക. അതിനുശേഷം 1 സ്പൂൺ മുളകുപൊടി, 3 സ്പൂൺ മല്ലി പൊടി, കാൽ സ്പൂൺ മഞ്ഞൾപൊടി എന്നിവ ഇട്ടു ഇളക്കി പാകമാകുമ്പോൾ വേവിച്ച ഇറച്ചി അതിൽ ഇട്ട് നല്ല വണ്ണം ഇളക്കി ഉപ്പും നോക്കി എല്ലാം സെറ്റ് ആകു മ്പോൾ വറുത്തു പൊടിച്ച (അര കപ്പ്) നാളികേരം അതിൽ ഇട്ട് ഇളക്കി യോജിപ്പിച്ച് അടുപ്പിൽ നിന്നും ഇറക്കി മൂടിവെയ്ക്കുക. നാടൻ പോർക്ക് ഫ്രൈ റെഡി.

**മോളി ഫ്രാൻസീസ്**

ക്രിസ്തുരാജ യൂണിറ്റ്

## സെന്റ് സെബാസ്റ്റ്യൻസ് കുടുംബകൂട്ടായ്മയുടെ പുതിയ ഭാരവാഹികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | **സണ്ണി ആലപ്പാടൻ** |
| സെക്രട്ടറി | : | **ജെയ്സൺ കൂള** |
| ജോ. സെക്രട്ടറി | : | **ആനി വിൽസൻ അറങ്ങാശ്ശേരി** |

**സെക്രട്ടറി**

# കള്ളനും കാവൽനായയും



ഈശോയുടെ കുഞ്ഞുമക്കളേ...

അർദ്ധരാത്രി സമയത്ത് ഒരു കള്ളൻ ഒരു ധനികന്റെ വീടിനുള്ളിലേക്ക് മതിലിന് അപ്പുറം നിന്ന് എത്തിനോക്കി. ആരുമില്ല. വീട്ടിലെ ലൈറ്റുകൾ ഒന്നും പ്രകാശിക്കുന്നുമില്ല. ഇതുതന്നെ നല്ല തക്കം എന്ന് കള്ളൻ കരുതി. അവൻ ധൈര്യത്തോടെ മതിലുകയറി അകത്തേക്ക് എടുത്തുചാടി. ഈ ശബ്ദം കേട്ട് നായ ഉണർന്നു. 'ഭൗ ഭൗ' നായ കുരയ്ക്കാൻ തുടങ്ങി. കള്ളൻ പതുങ്ങിപ്പതുങ്ങി സ്നേഹം ഭാവിച്ച് നായയുടെ അടുത്തേക്ക് നീങ്ങി. നായയാകട്ടെ തന്റെ കുരയുടെ ശക്തി കൂട്ടി. കള്ളൻ മധുരമായ സ്വരത്തിൽ പറഞ്ഞു, "ഞാൻ നിന്റെ യജമാനന്റെ സുഹൃത്തുക്കളിലൊരാളാണ്" ഇത് കേട്ടിട്ടും നായ കുര നിർത്തിയില്ല. അവൻ കുരച്ച് വീട്ടുകാരെ ഉണർത്തുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. കള്ളൻ ഓർത്തു - നായയുടെ കുര നിറുത്തണം. എന്നാലേ തന്റെ പദ്ധതി നടപ്പാകുകയുള്ളൂ. കള്ളൻ കൈയിലെ സഞ്ചി തുറന്ന് കുറെ ബിസ്കറ്റ് എടുത്ത് നായയുടെ മുന്നിലേക്ക് എറിഞ്ഞു. നായ ബിസ്കറ്റ് മണത്തുനോക്കുകപോലും ചെയ്തില്ല. നിന്റെ ഔദാര്യമൊന്നും എനിക്ക് ആവശ്യമില്ല. സ്നേഹപ്രകടനങ്ങളും നിന്റെ സൂത്രമാണെന്ന് മനസ്സിലായി. നീ നിന്റെ യജമാനന്റെ സുഹൃത്താണെന്ന് പറയുന്നത് കേട്ടപ്പോഴേ എനിക്ക് നീ കള്ളനാണെന്ന് ബോദ്ധ്യമായി. 'ഭൗ ഭൗ' നായ നിറുത്താതെ കുരയ്ക്കാൻ തുടങ്ങി. വീട്ടുകാർ ഉണർന്നുവന്ന് തന്നെ പിടിക്കുന്നതിനു മുമ്പുതന്നെ രക്ഷപ്പെടണമെന്ന് കള്ളന് തോന്നി. കള്ളൻ വന്നവഴിയേ തിരിച്ചുപോയി. കുഞ്ഞുമക്കളേ, ഈ കഥയിലെ ഗുണപാഠം പറയാമോ?

***ഗുണപാഠം: വിശ്വസ്തർ കരിങ്കല്ലുപോലെ ഉറച്ചുനിൽക്കും. സൗജന്യങ്ങളോ പ്രലോഭനങ്ങളോ അവരെ ഇളക്കുകയില്ല.***

## ബൈബിൾ വചനം പഠിക്കാമോ?

**പ്രഭാഷകൻ 6:17**

"ദൈവഭക്തന്റെ സൗഹൃദം സുദൃഢമാണ്. അവന്റെ സ്നേഹിതനും അവനെപ്പോലെ തന്നെ."




**പാഠ്യഭാഗം – ന്യായാധിപന്മാർ – ആമുഖം 1, 2, 3 അദ്ധ്യായങ്ങൾ**

---

1. ന്യായാധിപന്മാരുടെ പ്രവർത്തനകാലം?
2. ഇസ്രായേൽ ജനത്തിന്റെ പ്രധാന ശത്രുക്കൾ ആരായിരുന്നു?
3. ഇസ്രായേലിന്റെ വിമോചകരായി പ്രവർത്തിച്ച എത്ര നേതാക്കന്മാരുടെ ചരിത്ര മാണ് ന്യായാധിപന്മാരുടെ ഗ്രന്ഥം?
4. ജോഷ്വയുടെ മരണത്തിനുശേഷം കാനാൻ നിവാസികളോട് യുദ്ധം ചെയ്യാൻ ഏത് ഗോത്രം ആദ്യം പോകണമെന്നാണ് കർത്താവ് പറഞ്ഞത്?
5. ആരുടെ കൈകാലുകളുടെ പെരുവിരലാണ് മുറിച്ചുകളഞ്ഞത്?
6. 'ബോക്കിം' എന്ന സ്ഥലത്തിന്റെ അർത്ഥമെന്ത്?
7. തങ്ങളുടെ പിതാക്കന്മാരെ ഈജിപ്തിൽ നിന്നു കൊണ്ടുവന്ന ദൈവമായ കർത്താവിനെ ഉപേഷിച്ച് ഇസ്രയേൽ ജനം ആരെയൊക്കെയാണ് സേവിച്ചത്?
8. കുഷാൽ റിഷാത്തായിമിന്റെ കൈകളിൽ നിന്ന് ഇസ്രയേൽ ജനത്തെ മോചിപ്പി ച്ചത് ആരാണ്?
9. ഇസ്രായേൽ ജനം പാപം ചെയ്തപ്പോൾ മൊവാബു രാജാവായ എഗ്ലോൻ അവരെ പരാജയപ്പെടുത്തി. എത്രവർഷം അവർ എഗ്ലോലിനെ സേവിച്ചു?
10. മൊവാബിനെ കീഴടക്കിയ ശേഷം എത്രവർഷത്തേക്ക് നാട്ടിൽ ശാന്തി നില നിന്നു?

## ഉത്തരങ്ങൾ – നവംബർ

1. പീലാത്തോസ്
2. അത്തിവൃക്ഷം
3. 18
4. ജെറുസലേം
5. അവനെ അടുത്തുവിളിച്ച് സുഖപ്പെടുത്തി.
6. ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എ്ന്നിവരെ.
7. അവൻ മനസ്സലിഞ്ഞ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ചു ചുംബിച്ചു.
8. യോഹന്നാൻ
9. ദൂരെ അബ്രാഹത്തെയും അവന്റെ മടിയിൽ ലാസറിനെയും
10. ലാസർ

# ശരിയുത്തരം അയച്ചവർ

1. മേഴ്സി ജസിന്റോ, സെന്റ് തോമസ് യൂണിറ്റ്
2. മേരി രാജു, സെ. സേവ്യർ യൂണിറ്റ്
3. ഡെയ്സി അന്തപ്പൻ, സെ. മേരീസ് യൂണിറ്റ്

**നവംബർ മാസത്തെ ലോഗോസ് ക്വിസ് വിജയി**

**മേഴ്സി ജസിന്റോ, സെന്റ് തോമസ് യൂണിറ്റ്**

---

## നന്ദി നന്ദി നന്ദി...

തെസലോനിക്കാക്കാർക്കുള്ള ഒന്നാം ലേഖനത്തിൽ പൗലോസ്ലീഹാ ഇങ്ങനെ എഴുതി വച്ചു. എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം.

ഒരിക്കൽ മാലാഖയോടൊപ്പം ഒരു ദൈവഭക്തൻ സ്വർഗ്ഗം ചുറ്റിക്കാണാൻ പുറപ്പെട്ടു. എന്താണിവിടെ ഇത്ര തിരക്ക്? ഒരു സ്ഥലത്തെത്തിയപ്പോൾ ഭക്തൻ മാലാഖയോട് ചോദിച്ചു. ഭൂമിയിലെ മനുഷ്യരുടെ നിരന്തരമായ യാചനകൾ, അപേക്ഷകൾ, പ്രാർത്ഥനകൾ ഇവ സ്വീകരിക്കുന്ന ഭാഗമാണിവിടം. ദൈവം കരുണ തോന്നി മനുഷ്യർക്ക് അനുഗ്രഹങ്ങളും കൃപകളും ഭൂമിയിലേക്ക് വർഷിക്കുന്ന സ്ഥലമാണ് പിന്നീട് കണ്ട തിരക്കുള്ള ഭാഗം. വീണ്ടും മാലാഖ അയാളെ മുമ്പോട്ട് കൊണ്ടുപോയി. ആ സ്ഥലമാണെങ്കിൽ യാതൊരു തിരക്കുമില്ലാതെ - ഒന്നോ രണ്ടോ പേർ മാത്രം. ചോദിക്കാതെ തന്നെ മാലാഖ അതിന്റെ കാരണം വിശദമാക്കി. അനുഗ്രഹങ്ങൾ കിട്ടിക്കഴിയുമ്പോൾ മനുഷ്യരിൽനിന്ന് കൃതജ്ഞത സ്വീകരിക്കേണ്ട ഇടമാണിത്. പക്ഷേ പലരും നന്ദിപറയാൻ മറന്നുപോകുന്നതിനാൽതന്നെ ഇവിടെ തിരക്കൊട്ടില്ലതാനും.

നമ്മളിങ്ങനെ ചിന്തിക്കാറില്ലെ, നമ്മൾ സഹായിച്ചവർ നമ്മെ കാണുമ്പോൾ സ്നേഹവും നന്ദിയും കാണിക്കണമെന്ന്. മറ്റുള്ളവർ നമ്മോട് എപ്രകാരം പെരുമാറണമെന്ന് നാം ആഗ്രഹിക്കുന്നുവോ അപ്രകാരം നാം അവരോട് പെരുമാറുക എന്ന് സുവർണനിയമം നാം വായിച്ചിട്ടില്ലേ? എപ്പോഴും മറ്റുള്ളവരിലെ നന്മ കണ്ട് നമ്മിലെ പോരായ്മകളെ തിരുത്തി സന്തോഷമുള്ളവരായി കാണാനാണ് നമ്മുടെ നല്ലദൈവം ആഗ്രഹിക്കുന്നത്. നമ്മുടെ രോഗങ്ങളും തകർച്ചകളും കുറവുകളും തിരുമുമ്പിൽ സമർപ്പിച്ച് നന്ദി പറയാനാണ് നമ്മെ പഠിപ്പിക്കുന്നത്. അവിടുന്ന് അതെല്ലാം നമ്മുടെ നന്മയ്ക്കായി പരിണമിപ്പിക്കും എന്നാണല്ലോ വാഗ്ദാനം. നിരന്തരം പ്രാർത്ഥിക്കുവിൻ - അതൊരു ദൈവാരാധനയാണ്. ദൈവത്തിന്റെ അപദാനങ്ങൾ പ്രകീർത്തിച്ച് അവിടുത്തെ ആരാധിച്ച് മഹത്വപ്പെടുത്തുക. നമ്മുടെ വേദനകളും ദുഃഖങ്ങളും അവിടുത്തെ പക്കൽ സമർപ്പിക്കുക. ഫലമോ ഒരു സ്വർഗ്ഗീയ അനുഭൂതിയിലേക്ക് നാം നയിക്കപ്പെടും. അത് ലൗകിക സന്തോഷത്തിനും അപ്പുറം ഭൂമിയിലായിരിക്കേ അനുഭവവേദ്യമാകുന്ന സ്വർഗ്ഗീയ സന്തോഷമാണ്. ഈശോ നന്ദി, ഈശോ നന്ദി എന്ന് നിരന്തരം നമുക്കുരുവിടാം.

**ജിപ്സി റാഫി**

# ഞങ്ങൾ വരവായി

| രജി.നമ്പർ | ജനനം | മാമ്മോദീസ | |
|---|---|---|---|
| 23/2023 | 22.06.2023 | 05.11.2023 | തേറാട്ടിൽ നിലയാറ്റിങ്കൽ അലക്സ് ജോസ് & സാഗി ജോൺസൺ മകൾ തെരേസ (ആൻഡ്രിയ അലക്സ്) |
| 24/2023 | 23.06.2023 | 12.11.2023 | എടക്കുന്നത്ത് വാച്ചാംകുളം റിയാൻ റോയ് & അമൃത മകൻ ജോസഫ് (റിയാൻ റോയ്) |
| 25/2023 | 03.10.2023 | 26.11.2023 | പാറമ്മേൽ മാത്യു സേവിൻ & ഹണി ജോസ് മകൻ ജോർജ്ജ് (നഥാൻ റാഫേൽ സാവിൻ) |

# ഞങ്ങൾ യാത്രയായി

| | | |
|---|---|---|
| 17/2023 | 07.11.2023 | കല്ലൂക്കാരൻ ആന്റണി ഭാര്യ റോസി (87) സെ. ജോൺസ് യൂണിറ്റ് |
| 18/2023 | 17.11.2023 | കൊളങ്ങര കൊച്ചാപ്പു മകൾ മേരി (83) സെ. ആന്റണീസ് യൂണിറ്റ് |
| 19/2023 | 24.11.2023 | കരേരക്കാട്ടിൽ വറീത് ഭാര്യ സെലീന (85) സെ. മേരീസ് യൂണിറ്റ് |
| 20/2023 | 26.11.2023 | കുറുപ്പശ്ശേരി തോമസ് ഭാര്യ തങ്കമ്മ (85) മഡോണ യൂണിറ്റ് |

# ഇടവകയിൽ നിന്നും മാറിയവർ

| | | |
|---|---|---|
| 22/2023 | 13.11.2023 | മേയ്ക്കാട്ടുകുളങ്ങര സോണി ഭാര്യ ജോളി, സെ. സെബാസ്റ്റ്യൻസ് യൂണിറ്റ് - ഒളരിക്കര ഇടവകയിലേക്ക്. |

# ചായക്കൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് ഡിസംബർ 20-ാം തിയ്യതിക്കു മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

**ചായമിടൽ മത്സര വിജയി – നവംബർ 2023**
**ജാസിൻ ജിസ് വിൻ**
**സെന്റ് തോമസ് യൂണിറ്റ്**

Chavara Matrimony.com
Connecting Hearts

# നല്ലൊരു ആലോചനയാണ്!

കല്യാണാലോചന ചാവറ മാട്രിമണിയിൽ.



**Chavara Family Welfare Centre**
സി.എം.ഐ വൈദികർ നേതൃത്വം നൽകുന്നു

H.O Chavara Cultural Centre, Kochi
99 6174 44 44, 0484 40 80 333, 1800 103 4080

**Thrissur,** Kalliath Royal Square, 3rd Floor, Palace Road.
99 957 775 76

# കട്ടിള നല്ലതാണെങ്കിൽ
# തലമുറകളുടെ കഥകൾ പറയും



Ocean
LYKE WOOD
...better than wood

**DOOR & WINDOW**
**FRAME**

മരത്തിനേക്കാൾ ഉറപ്പേറിയത് | ചിതൽപിടിക്കില്ല | നനഞ്ഞാലും വികസിക്കില്ല

Ocean®
WE GIVE LIFE TO PLASTIC

**OCEAN POLYMER INDUSTRIES PVT. LTD.**
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in

**FOR TRADE ENQUIRIES CALL: 0487- 2202787**
CUSTOMER CARE : 8137009888

NIRMALA hiprint Ph : 0487 2387393